# അനുബന്ധ ഭാഗം

# അബ്രഹാം
# വിശ്വാസത്തിന്റെ പരീക്ഷണങ്ങൾ

വേദഭാഗം: ഉൽപത്തി 17:27–22:19

ബൈബിൾ വിശ്വാസത്തെ "*ദൈവം ചെയ്യുവാൻ പറഞ്ഞിരിക്കുന്നതു സ്വീകരിക്കുന്നതും അതു സ്നേഹത്തോടും ആശ്രയത്തോടും പ്രവർത്തിക്കുന്നതുമാണ്*" എന്ന് ലളിതമായി വിശ്വാസത്തെ നിർവ്വചിക്കാവുന്നതാണ്. ആ നിർവ്വചനം എബ്രായർ 11:1; റോമർ 10:17 എന്നീ രണ്ടു വേദഭാഗങ്ങളെ ആസ്പദമാക്കിയുള്ളതാണ്.

വിശ്വാസത്തെ നിർവ്വചിച്ചിരിക്കുന്ന വാക്യമാണ് എബ്രായർ 11:1: "വിശ്വാസം എന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു." വിശ്വാസം എന്നതു ദൈവം നമ്മെ രക്ഷിക്കുമെന്നും അവന്റെ വാഗ്ദാനങ്ങളെല്ലാം നൽകുമെന്നതിനുമുള്ള കാരണവും,നമ്മുടെ അടിസ്ഥാനവും ആണെന്ന് ആ വാക്യം പറയുന്നു. ദൈവത്തിന്റെ നിലനിൽപിലും, ആത്മാർത്ഥതയിലും ഉള്ള ആത്മവിശ്വാസത്തെയാണ് നാം വിശ്വാസം എന്നു വിളിക്കുന്നത്.

വിശ്വാസത്തിന്റെ ആരംഭത്തെ കുറിച്ച് റോമർ 10:17 നമ്മെ പഠിപ്പിക്കുന്നു: "വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു." വിശ്വാസം ജനിക്കേണ്ടത് തിരുവെഴുത്തിനാലാണെന്ന് ആ വാക്യം പറയുന്നു. ദൈവവചനം കേൾക്കുന്നതിനാൽ വിശ്വാസം വരുന്നു. അതുകൊണ്ട്, ദൈവം പറഞ്ഞതിനെ സ്വീകരിക്കുന്നതിനാലാണ് വാസ്തവത്തിലുള്ള വിശ്വാസം ഉണ്ടാകുന്നത്.

വിശ്വാസം, അഭിപ്രായം, അറിവ് എന്നിവ തമ്മിലുള്ള വ്യത്യാസം മനസിലാക്കുവാൻ പ്രഗത്ഭരായ ഉപദേഷ്ടാക്കന്മാരുടെ ചിത്രീകരണങ്ങൾ സഹായിക്കും. കൈകൾ ഉയർത്തി കാണിച്ച് ഒരു ഇടവകയോട് ഞാൻ ഇങ്ങനെ ചോദിക്കുന്നു എന്നു വിചാരിക്കുക, "എന്റെ കയ്യിൽ എന്താണെന്ന് ഊഹിക്കാമോ?" എന്റെ കയ്യിൽ താക്കോലാണെന്ന് ഒരാൾ പറഞ്ഞേക്കാം. എന്റെ കയ്യിൽ ഒരു നാണയമാണ് വെച്ചിരിക്കുന്നത് എന്ന് മറ്റൊരാൾ പറഞ്ഞേക്കാം. വേറൊരാൾ എന്റെ കയ്യിൽ ബട്ടൻസാണുള്ളത് എന്ന് പറഞ്ഞേക്കാം. ആ ഉത്തരങ്ങൾ എല്ലാം നല്ല ഊഹങ്ങളായിരിക്കും – പക്ഷെ അതെല്ലാം ഊഹങ്ങൾ മാത്രമാണ്. എന്റെ കയ്യിൽ ഉള്ളതിന്റെ തെളിവുകൾ അവർക്ക് ഇല്ലാത്തതിനാൽ, അവരുടെ ഊഹങ്ങളെല്ലാം *അഭിപ്രായങ്ങൾ* മാത്രമാണ്.

എന്റെ കയ്യിലുണ്ടായിരുന്നത് ഒരു ചരൽക്കല്ലായിരുന്നു എന്ന് അവരോട് പറഞ്ഞാൽ എന്തായിരിക്കും സംഭവിക്കുക എന്നു ചിന്തിക്കുക. എന്റെ കയ്യിൽ പിടിച്ചത് എന്താണെന്ന് അവർ കേൾക്കുകയും, സ്വീകരിക്കുകയും ചെയ്യുന്നു, പിന്നെ അവരുടെ അഭിപ്രായം *വിശ്വാസമായി* മാറും. അവരിൽ വിശ്വാസമുണ്ടാകുവാൻ ഞാൻ നൽകിയ തെളിവ് കാരണമായി.

പിന്നെ, എന്റെ കയ്യിലിരുന്ന കല്ല് ഞാൻ അവരെ കാണിച്ചുകൊടുക്കുന്നു എന്നു വിചാരിക്കുക. ഒരിക്കൽ അത് അവർക്ക് കാണിച്ചുകൊടുത്താൽ, അതിനെ സംബന്ധിച്ച സത്യം അവർക്ക് അറിയുവാൻ കഴിയും. ആ ചെറിയ വസ്തു കണ്ടതിനാൽ അവരുടെ വിശ്വാസം *അറിവായി* മാറി

എന്റെ കയ്യിലുള്ളത് എന്താണെന്ന് അവർ ഊഹിച്ചപ്പോൾ, അവർ അതിനെ കുറിച്ചുള്ള അഭിപ്രായമാണ് പറഞ്ഞത്. എന്റെ കയ്യിലുള്ള വസ്തു ഒരു ചെറിയ കല്ലാണെന്ന് ഞാൻ പറഞ്ഞത്, അവർ സ്വീകരിച്ചപ്പോൾ, അതു വിശ്വാസമായി തീർന്നു. എന്റെ കയ്യിലുണ്ടായിരുന്നത് അവർ കണ്ടപ്പോൾ, അവർ അറിവിലേക്ക് മാറി. വിശ്വാസം എന്നത് അഭിപ്രായമല്ല, അത് സാക്ഷ്യ ത്തിന്മേൽ കേന്ദ്രീകരിക്കുന്നതാണ്. വിശ്വാസം എന്നത് അറിവല്ല, കാരണം അത് കാണാത്തവയെ സാക്ഷീകരിക്കുന്ന സ്വീകരിക്കലാണ്.

ബൈബിൾ വിശ്വാസത്തെ നിർവ്വചിക്കുക മാത്രമല്ല, അതു പ്രദർശിപ്പിക്കുക കൂടെ ചെയ്തിരിക്കുന്നു. യഥാർത്ഥത്തിലുള്ള വിശ്വാസത്തിന്റെ മാതൃകയായി ബൈബിളിൽ ഉള്ള ദൈവപുരുഷനാണ് അബ്രഹാം. അവന്റെ വിശ്വാസം നി മിത്തം അവനെ “ദൈവത്തിന്റെ സ്നേഹിതൻ” എന്നു വിളിച്ചിരിക്കുന്നു (യെശയ്യാവ് 41:8; യാക്കൊബ് 2:23). അവന്റെ വിശ്വസ്തത കാരണം അവൻ വിശ്വാസികളുടെ പിതാവായി അറിയപ്പെടുന്നു. അതായത്, ഒരർത്ഥത്തിൽ വിശ്വസിക്കുന്ന എല്ലാവരും അബ്രഹാമിന്റെ മക്കളാകുന്നു (റോമർ 4:16; ഗലാത്യർ 3:7). എന്താണ് വിശ്വാസം എന്ന് ദൈവം അബ്രഹാം മുഖാന്തരം നമുക്ക് കാണിച്ചുതന്നിരിക്കുന്നു.

നാം നടക്കേണ്ടത്, അല്ലെങ്കിൽ ജീവിക്കേണ്ടത് വിശ്വാസത്താലായതിനാൽ (2 കൊരിന്ത്യർ 5:7). വിശ്വാസമുള്ള ഒരു വ്യക്തി എന്നു പറഞ്ഞാൽ എന്താ ണെന്ന് അബ്രഹാമിന്റെ ജീവിതം എടുത്തു നമുക്ക് നോക്കാം. അബ്രഹാം മൂന്നു പരീക്ഷണങ്ങളെ നേരിടുകയും, ആ പരീക്ഷണങ്ങൾ വിശ്വാസത്തിന്റെ ഘടകഭാഗങ്ങളായി തീരുകയും ചെയ്തു.

## വിട്ടുപോകൽ എന്ന പരീക്ഷണം

അബ്രഹാമിനു - അല്ലെങ്കിൽ അബ്രാമിന് നേരിട്ട ആദ്യ പരീക്ഷണം - വിട്ടുപോകൽ ആയിരുന്നു. ഹാരാന്റേയും[1] കൽദയരുടേയും പട്ടണമായിരുന്ന അവന്റ പിതൃദേശം ആയ ഊർ വിട്ടുപോകുവാനായിരുന്നു അവനോട് ആദ്യം ആവശ്യപ്പെട്ടത് (ഉൽപത്തി 11:27-31). മറ്റൊരു ദേശത്തേക്ക് അവനെ നയിക്കു മെന്ന് ദൈവം വാഗ്ദാനം ചെയ്തു. ഊർ എന്ന പട്ടണത്തിൽനിന്ന്, ആദ്യം അവനെ വിളിച്ചത് ഏതാണ്ട് ബി. സി. 2165 ലാണ്.[2] രണ്ടാമത്തെ വിളി, ഏതാണ്ട് പതിനഞ്ചു വർഷങ്ങൾക്ക് ശേഷം ഹാരാനിൽ നിന്നാകാം.

ഊർ എന്ന പട്ടണം, മെസോപ്പൊത്തോമിയയിലെ, സംസ്ക്കാരത്തിന്റേ യും, വിദ്യാഭ്യാസത്തിന്റേയും, വ്യവസായത്തിന്റേയും പട്ടണമായിരുന്നു. ഊർ വിട്ടുപോകുവാൻ അബ്രഹാമിനോട് പറഞ്ഞതു സ്വീകരിക്കുവാൻ പ്ര യാസമുള്ളതായിരുന്നേക്കാം.

ഏതാണ്ട് 300,000 ആളുകൾ ജനസംഖ്യയും, നാല് ചതുരശ്രമൈൽ ചുറ്റ ളവുമുണ്ടായിരുന്ന നഗരമായിരുന്നു അത് എന്ന് ഭൂഗർഭഗവേഷകന്മാർ കുഴി ച്ചെടുത്ത വസ്തുക്കളിൽനിന്നു മനസിലാക്കിയിരുന്നു. ഊർ സങ്കീർണ്ണവും പ്രധാനപ്പെട്ടതുമായ ഒരു പട്ടണമായിരുന്നു. ഊരിലുണ്ടായിരുന്ന നിരവധിപേ ർ ഉയർന്ന വിദ്യാഭ്യാസമുള്ളവരായിരുന്നു എന്ന് ചരിത്രവും പുരാവസ്തുഗ വേഷണവും വ്യക്തമാക്കുന്നു. അവർ ഗണിതശാസ്ത്രത്തിലും, ജ്യോതിശാ സ്ത്രത്തിലും, നെയ്ത്തിലും, കൊത്തുപണിയിലും മികവുള്ളവരായിരുന്നു. അതിനു പുറമെ, കളിമണ്ണുകൊണ്ടുള്ള പലകകളിൽ അവർ എഴുതിയിരുന്നത് പുരാവസ്തുഗവേഷകന്മാർക്കു അവരുടെ സാമൂഹ്യവും മതപരവുമായ കാര്യ

ങ്ങളെയും സംസ്ക്കാരത്തെയും പുനരാവിഷ്ക്കരിക്കുവാൻ ഉതകുന്നതായിരുന്നു. മതപരമായി ആ പട്ടണം, ബഹുദൈവങ്ങളെ ആരാധിച്ചിരുന്നു, പ്രത്യേകിച്ച് പ്രകൃതി ദേവന്മാരെ. ഊർ പട്ടണത്തിന്റെ മദ്ധ്യേ ഒരു ആരാധനാകേന്ദ്രം, അഥവാ ക്ഷേത്രം ഉണ്ടായിരുന്നു, അതിനെ സിഗൂറത് എന്നു വിളിച്ചിരുന്നു. അവിടത്തെ അവരുടെ പ്രധാന ദേവൻ, നന്നാ എന്ന ചന്ദ്രദേവനായിരുന്നു.[3]

അബ്രഹാമിന്റെ അപ്പനായിരുന്ന തേരഹ്, വിഗ്രഹങ്ങളെ ആരാധിച്ചിരുന്നതായി യോശുവ 24:2 സൂചിപ്പിക്കുന്നു:

> അപ്പോൾ യോശുവ സർവ്വജനത്തോടും പറഞ്ഞതെന്തെന്നാൽ, "യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, 'നിങ്ങളുടെ പിതാക്കന്മാരായ അബ്രാമിന്റേയും നാഹോരിന്റേയും പിതാവായ തേറഹ് പണ്ട് നദിക്കക്കരെ[4] പാർത്തു അന്യദൈവങ്ങളെ സേവിച്ചുവന്നു.' "

അബ്രഹാം എപ്പോഴാണ് യഹോവയായ ദൈവത്തിലേക്ക് തിരിഞ്ഞതെന്നു നമ്മോട് പറഞ്ഞിട്ടില്ല, എന്നാൽ ഒരുസമയത്ത് അബ്രാം അവനിൽ ശക്തമായി വിശ്വസിച്ചുതുടങ്ങി.

അബ്രാമിനെ ദൈവം വിളിച്ചപ്പോൾ, തേറഹും, അബ്രാമും ഊർ വിട്ടുപോയി. അവർ അറുനൂറുമൈൽ വടക്ക് ഹാരാനിൽ ചെന്ന് അവിടെ പാർത്തു. തേറഹ് അബ്രാമിനെ ഹാരാനിലേക്ക് കൊണ്ടുപോയി എന്നാണ് ഉൽപത്തി 11:31 പറയുന്നത്. ഊർ വിട്ടുപോകുവാൻ ദൈവം അബ്രാമിനോട് പറഞ്ഞപ്പോൾ അവൻ അത് തേരഹിനെ ബോധ്യപ്പെടുത്തിക്കാണും; പിന്നെ ഏകതാൽപര്യമുള്ള സംഘത്തലവനായ തേരഹ്, അവരെ നയിച്ചുകൊണ്ട് ഹാരാനിലേക്ക് പോയി കാണും. ഹാരാനിൽ തങ്ങുവാൻ അബ്രാം സമ്മതിച്ചത് ഒരുപക്ഷെ അവന്റെ അപ്പന്റെ പ്രായവും ആരോഗ്യവും കണക്കാക്കിയതിനാലാകാം. അവന്റെ അപ്പനായ തേറഹ് 205 വയസ് പ്രായമെത്തി മരിക്കുന്നതുവരെ അവൻ ഹാരാനിൽ പാർത്തു (ഉലപത്തി 11:32–12:3).

ദൈവം അവനെ ആദ്യം വിളിച്ചിട്ട്, ഒരുപക്ഷെ പതിനഞ്ചുവർഷങ്ങൾക്കു ശേഷം വീണ്ടും ദൈവം അവനെ ഹാരാനിൽവെച്ച് വിളിച്ചിരിക്കാം (ഉൽപത്തി 12:1–3). ആ വിളിയോടുകൂടെ, അബ്രാമിനോട് ദൈവം ഒരു വാഗ്ദാനം ചെയ്തതു പഴയനിയമത്തിന്റെ ഹൃദയഭാഗമെന്ന് കണക്കാക്കുന്നു.[5]

> യഹോവ അബ്രാമിനോട് അരുളിച്ചെയ്തതെന്തെന്നാൽ, "നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും, പിതൃഭവനത്തെയും വിട്ടുപുറപ്പെട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോക. ഞാൻ നിന്നെ വലിയോരു ജാതിയാക്കും. നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും. നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും, നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും" (ഉൽപത്തി 12:1–3).

ദൈവം അബ്രാമിനോട് പറഞ്ഞ ക്രമം ശ്രദ്ധിക്കുക, ദേശത്തെ, ചാർച്ചക്കാരെ, പിതൃഭവനത്തെ എന്നാണ് നിർദ്ദേശിച്ചത്; ഓരോന്നിലും ത്യാഗം വളർന്നു വരുന്നതായി കാണാം.

ആ പരീക്ഷണത്തെ അബ്രാം വിജയിച്ചോ? വേദഭാഗം പറയുന്നത്

“യഹോവ കൽപിച്ചതുപോലെ അബ്രാം പോയി എന്നാണ്... ” (ഉൽപത്തി 12:4). തനിക്ക് മുഖ്യമായിരുന്നവയെല്ലാം അവന് ഉപേക്ഷിക്കേണ്ടിവന്നു - ദേശം, ബന്ധുക്കൾ, കുടുംബക്കാർ. ദൈവത്തിന്റെ ആ കൽപന അബ്രാം അനുസരിച്ചപ്പോൾ അവന് എഴുപത്തി-യഞ്ചു വയസായിരുന്നു (ഉൽപത്തി 12:4). എബ്രായർ 11:8-ൽ നാം വായിക്കുന്നു,

> വിശ്വാസത്താൽ അബ്രഹാം തനിക്കു കിട്ടുവാനിരുന്ന ദേശത്തേക്ക് യാത്രയാവാൻ വിളിക്കപ്പെട്ടാറെ, അനുസരിച്ചു എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു.

കർത്താവ് കാണിപ്പാനിരിക്കുന്ന സ്ഥലത്തേക്ക് വിളിക്കുമ്പോൾ, വേരുകളെല്ലാം തള്ളിക്കളഞ്ഞ്, പിതൃദേശത്തെ വിട്ട് എവിടെ വേണമെങ്കിലും പോകുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് അബ്രഹാം. അതാണ് വിശ്വാസം. അത്തരം ബുദ്ധിമുട്ടുള്ള പ്രതികരണത്തിന് ആർക്കായാലും വിഷമമുണ്ടാകും അവനെ ദൈവം വിളിച്ചപ്പോൾ, അബ്രഹാമിന്റെ അനുസരണത്തിൽ, വിശ്വാസപ്രകടനമാണ് കണ്ടത്.

അപ്പോൾ, അതാണ്, വിശ്വാസത്താലുള്ള നടപ്പിന്റെ ആദ്യപടി: “വിട്ടുപോകൽ.” അബ്രഹാമിനോട് പറഞ്ഞതുപോലെ, നമ്മുടെ സ്വദേശം വിട്ട് മറ്റു സ്ഥലങ്ങളിലേക്ക് പോകുവാൻ ദൈവം പറഞ്ഞിട്ടില്ല. എങ്ങനെയായാലും, അവനെ അനുഗമിക്കുന്ന എല്ലാവരോടും അവൻ ആവശ്യപ്പെടുന്നത്, പാപദേശം വിട്ട് അവനെ അനുഗമിച്ച് അവൻ വാഗ്ദാനം ചെയ്ത നീതിദേശത്തേക്ക് പോകുവാനാണ്.

ആ “വിട്ടുപോകൽ” എങ്ങനെ സംഭവിക്കുമെന്ന് പൗലൊസ് കൊലൊസ്യയിലെ ക്രിസ്ത്യാനികളോട് പറയുന്നത് ശ്രദ്ധിക്കുക:

> ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം, ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ. ഈവക നിമിത്തം ദൈവകോപം അനുസരണം കെട്ടവരുടെ മേൽ വരുന്നു. അവയിൽ ജീവിച്ചിരുന്ന കാലം നിങ്ങളും മുമ്പെ അവയിൽ നടന്നുപോന്നു. ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ, വായിൽനിന്നുവരുന്ന ദൂഷണം, ദുർഭാഷണം ഇവ ഒക്കെയും വിട്ടുകളവിൻ. അന്യോന്യം ഭോഷ്ക്ക് പറയരുത്. നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു. തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ (കൊലൊസ്യർ 3:5-10).

തുടരെത്തുടരെ കുലപാതക പരമ്പര നടത്തിക്കൊണ്ടിരുന്ന ജെഫ്റി ഡാമർ എന്നയാളെ പരിവർത്തനം ചെയ്യുവാൻ ശ്രമിച്ച സഹോദരൻ കർട്ടിസ് ബൂത്ത് എന്നോട്, ഓക്ളഹോമ സിറ്റിയിലെ ഫെഡറൽ കെട്ടിടം തകർത്ത കുറ്റത്തിന് വിചാരണ നേരിട്ട തിമൊത്തി മെക്വ്യു എന്ന കുറ്റവാളിയെ കുറിച്ച് അടുത്ത സമയത്ത് എന്നോട് പറഞ്ഞു. അയാൾ ഡെൻവറിൽ വിചാരണക്ക് പോകുന്നതിനിടയിൽ പതിനഞ്ചു തപാൽ പാഠങ്ങൾ പൂർത്തിയാക്കി. കടുത്ത പൊലിസ് കാവൽനിമിത്തം ഡെൻവറിൽ അയാൾക്ക് കോഴ്സ് പഠിക്കുവാൻ പ

റ്റുമോ എന്നു സംശയിക്കുന്നതായി സഹോദരൻ ബൂത്ത് സൂചിപ്പിച്ചു. അയാൾ ആ കോഴ്സ് പൂർത്തിയാക്കുവാൻ അയാളുടെ വക്കീൽ അനുവദിക്കേണ്ടതിന് പ്രാർത്ഥിക്കുന്നു എന്നും പറഞ്ഞു. സഹോദരൻ ബൂത്തിന്റെ അപേക്ഷയുടെ ഫലം എന്തായി എന്നറിഞ്ഞില്ല.

സുവിശേഷം എല്ലാവർക്കും ഉള്ളതാണ് – ഏറ്റവും മോശമെന്ന് നാം കരുതുന്നവർക്കും, മദ്ധ്യ-തലത്തിലുള്ളവർക്കും, ഏറ്റവും നല്ലവർക്കും ഉള്ളതാണ്. ആ രണ്ടു സംഘങ്ങൾക്കും തമ്മിൽ ദൈവം വ്യത്യാസം ഒന്നും വരുത്തുന്നില്ല. (പ്രവൃത്തികൾ 15:9). എല്ലാവരോടും മാനസാന്തരം ആവശ്യപ്പെടുന്നതാണ് രക്ഷിക്കുന്ന വിശ്വാസം, അത് പാപജീവിതം "വിട്ട്" ദൈവത്തെ അനുഗമിച്ച് നീതിയിലേക്ക് നീങ്ങുന്നതാണ് (പ്രവൃത്തികൾ 17:30, 31). ദൈവം ഏതൊരു വ്യക്തിയെയും സ്വീകരിക്കും, എന്നാൽ നാം അവന്റെ അടുക്കലേക്ക് വിശ്വാസത്താൽ വരണം, പക്ഷെ നാം പാപത്തെ ഉപേക്ഷിച്ച് അവനിൽ പ്രത്യാശ അർപ്പിച്ചുകൊണ്ടായിരിക്കണം വരേണ്ടത്.

## ആശ്രയിക്കൽ എന്ന പരീക്ഷണം

അബ്രാം കനാനിൽ എത്തിയപ്പോൾ, അവൻ തന്റെ രണ്ടാമത്തെ പരീക്ഷണം നേരിട്ടു, ആശ്രയിക്കൽ എന്ന പരീക്ഷണം. അബ്രാമിനെ അനുഗ്രഹിക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്തിരുന്നു. തന്റെ ഭാവിയെ സംബന്ധിച്ച് ആശയക്കുഴപ്പമുണ്ടായിരുന്ന അബ്രാം ദൈവത്തോട് ചോദിച്ചു, "യഹോവേ നീ എനിക്ക് എന്തു തരും? ഞാൻ മക്കളില്ലാത്തവനായി നടക്കുന്നുവല്ലോ ..." (ഉൽപത്തി 15:2). തന്റെ പദ്ധതികളുടെ ഒരു ഭാഗമാണ് സന്തതികൾ എന്ന് യഹോവ അവനോട് പറഞ്ഞു; അവൻ അബ്രാമിനും സാറായ്ക്കും ഒരു സന്തതിയെ നൽകി.

> പിന്നെ അവൻ അവനെ പുറത്തു കൊണ്ടുവന്നു. "നീ ആകാശത്തേക്ക് നോക്കുക. നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക" എന്നു കൽപിച്ചു. "നിന്റെ സന്തതി ഇങ്ങനെയാകും" എന്നും അവനോട് കൽപിച്ചു. അവൻ യഹോവയിൽ വിശ്വസിച്ചു. അത് അവന്നു നീതിയായി കണക്കിട്ടു (ഉൽപത്തി 15:5, 6).

പാലസ്തീൻ അവകാശമാക്കുമെന്നും ദൈവം അവനോട് വാഗ്ദാനം ചെയ്തിരുന്നു (ഉൽപത്തി 15:7). ഉറപ്പ് വേണ്ടിവന്ന അബ്രാം ചോദിച്ചു, "ഞാൻ അത് കൈവശമാക്കുമെന്ന് എനിക്ക് എങ്ങനെ അറിയാം?" അതിന് മറുപടിയായി ദൈവം അബ്രാമുമായി ഒരു ഉടമ്പടി-ചെയ്തു.

പഴയനിയമം വാസ്തവത്തിൽ മനുഷ്യരുമായുള്ള ഉടമ്പടിയുടെ സംഭവമാണ്. ദൈവം അബ്രാമിനോട് ചെയ്ത ഉടമ്പടി ഒരു ചടങ്ങോടുകൂടി ഉറപ്പിച്ചു. മൂന്നു-വയസു-ള്ള പശുക്കുട്ടിയെയും മൂന്നു-വയസു-ള്ള ഒരു കോലാടിനേയും, മൂന്നു-വയസു-ള്ള ആട്ടുകൊറ്റനേയും, ഒരു കുറുപ്രാവിനേയും, ഒരു ചെറിയ പ്രാവിൻ കുഞ്ഞിനേയും എടുക്കുവാൻ അവനോടു പറഞ്ഞു. പശുക്കുട്ടിയേയും, ആടിനേയും, ആട്ടിൻകുട്ടിയേയും നേരെ പകുതിയായി അവൻ പിളരേണമായിരുന്നു. ആ രാത്രിയിൽ ജ്വലിക്കുന്ന ഒരു പന്തം അവക്കിടയിലൂടെ കടന്നുപോയി (ഉൽപത്തി 15:7–17).

ഒരു ഉടമ്പടി ഉണ്ടാക്കുന്ന രീതിയിൽനിന്നാകാം ഒരുപക്ഷെ "ഒരു മുറിക്കൽ

ഉടമ്പടി" എന്ന പ്രയോഗം വന്നിരിക്കുന്നത്. "നീ കരാർ പാലിച്ചില്ലെങ്കിൽ, ആ മൃഗങ്ങളെ പിളർന്നതുപോലെ നിന്നെ പിളരും" എന്ന ആശയമാണ് അതിൽ ഉൾപ്പെട്ടിരിക്കുന്നത്. പ്രത്യേകമായി, ആ മൃതശരീരങ്ങൾക്കിടയിലൂടെ രണ്ട് കക്ഷികളും കടന്നുപോകേണ്ടതാണ്, എന്നാൽ ഇവിടെ ദൈവം മാത്രമാണ് ഉടമ്പടി ചെയ്യുന്നത്. ഏക-കക്ഷി ഉടമ്പടിയായതുകൊണ്ട്, ദൈവം മാത്രമാണ് നടന്നുപോയത്.

ആ സന്ദർഭത്തിൽ ദൈവം നടന്നുപോയത് അബ്രാമിന്റെ പ്രയോജനത്തിനായിരുന്നു. അവന്റെ ഗുണങ്ങളെല്ലാം തികവുള്ളതാണ്. അവന്റെ വചനം സത്യം മാത്രമാണ്, അതിൽ അണുവിട പോലും തെറ്റില്ല. അവൻ അത് ആർക്കും ഉറപ്പിച്ചുകൊടുക്കേണ്ട ആവശ്യമില്ല. അവനിൽനിന്നുള്ള ഏതൊരു വാഗ്ദാനവും ഭൂമിയുടെ അടിസ്ഥാനം പോലെ തീർച്ചയുള്ളതാണ്, എന്നാൽ ദൈവം ഇവിടെ ഒരു ചടങ്ങിലൂടെ കടന്നുപോയത് അബ്രാമിന്റെ വിശ്വസത്തിനുള്ള ദൈവികസാക്ഷ്യമായിട്ടായിരുന്നു.

ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ ആശ്രയിക്കുക എന്നതായിരുന്നു അബ്രാമിന്റെ അടുത്ത ഏതാനും വർഷങ്ങളിലെ ദൗത്യം. തീർച്ചയായും, ദൈവം അവർക്ക് ഉടനെ ഒരു സന്തതിയെ നൽകുമെന്നാണ് അബ്രാമും സാറയും വിചാരിച്ചത്. എന്നാൽ ദൈവം അങ്ങനെ നൽകിയില്ല. പത്തുവർഷം കാത്തിരുന്നശേഷം (ഉൽപത്തി 16:3), അതൊരു നിത്യത പോലെ അവർക്ക് രണ്ടുപേർക്കും തോന്നിക്കാണും, ആകയാൽ അതിന് എന്തെങ്കിലും ചെയ്യണമെന്ന് അവർ വിചാരിച്ചു. കാര്യങ്ങൾ തങ്ങളുടെ കൈകൾ കൊണ്ട് കൈകാര്യം ചെയ്യുവാൻ തീരുമാനിച്ചു. ഇവിടെയാണ് അബ്രാമിന്റെ വിശ്വാസത്തിൽ കുറവ് സംഭവിക്കുന്നത്.

അവർക്ക് ഒരു സന്തതി ജനിക്കുവാൻ അബ്രാം വേറൊരു സ്ത്രീയെ കൂടെ വിവാഹം കഴിക്കണമെന്നതായിരുന്നു സാറയുടെ നിർദ്ദേശം (ഉൽപത്തി 16:1-4). അബ്രാം സാറയുടെ നിർദ്ദേശം സ്വീകരിച്ചു. സാറായ്ക്ക് മക്കളുണ്ടാകാതിരുന്നതിനാൽ, ഒരുപക്ഷെ ഹാഗാറിൽ കൂടെ ജനിക്കുന്ന സന്തതിയാകാം ദൈവം വാഗ്ദാനം ചെയ്തതു എന്നു അബ്രാം വിചാരിച്ചിരിക്കാം. അബ്രാമിന്റെ ചിന്തയും പ്രവർത്തിയും തെറ്റായിരുന്നു, കാരണം ദൈവം വാഗ്ദാനം ചെയ്ത സന്തതി ദൈവം നിശ്ചയിച്ച സമയത്ത്, സാറായിൽ കൂടെ ജനിക്കുന്നതായിരുന്നു. അബ്രാമും സാറയും ക്ഷമയില്ലാത്തവരായിത്തീർന്നിരുന്നു.

അബ്രാമിന്റെ പ്രവർത്തികൾ, തെറ്റും, വിശ്വാസക്കുറവും ആയിരുന്നുവെങ്കിലും, അന്നത്തെ ആചാരപ്രകാരം നാം അതിനെ നോക്കി കാണണം. ആധുനിക വായനക്കാരന്, അസാധാരണമാണെങ്കിലും, അബ്രാമും സാറായും എടുത്ത തീരുമാനം, അന്നത്തെ മക്കളില്ലാത്ത ദമ്പതികൾ സ്വീകരിക്കുന്ന സമ്പ്രദായമായിരുന്നേക്കാം. മച്ചിയായ ഭാര്യ ഭർത്താവിന് ദാസിയെ നൽകി മക്കൾ ജനിപ്പിച്ച് അവകാശം നിലനിർത്തുന്ന സമ്പ്രദായമുണ്ടായിരുന്നതായി നുസി, ഹമ്മുരബി[6] എന്നീ രേഖകളുടെ[7] കോഡ് വ്യക്തമാക്കുന്നു. സന്തതി ജനിച്ചശേഷം അവളെ വീണ്ടും ദാസിയായിത്തന്നെ നിലനിർത്തുവാനും കഴിഞ്ഞിരുന്നു.

സാറായുടെ ദാസിയായിരുന്ന ഹാഗാറിന്, യിസ്മായേൽ എന്ന സന്തതി ജനിച്ചു, എന്നാൽ ദൈവം വാഗ്ദാനം ചെയ്ത സന്തതി സാറായിയുടെ ഗർഭഫലമായിരിക്കുമെന്ന് വ്യക്തമാക്കിയതാണ് (ഉൽപത്തി 16:7-16; 17:20, 21). യിസ്മായേൽ ജനിച്ചതോടെ സാറായ്ക്ക് കൈപ്പുണ്ടാകുകയും. ഹാഗാറിനേയും മകനേയും വീട്ടിൽനിന്നു പുറത്താക്കുവാൻ അവൾ അബ്രാമിനെ നി

ർബ്ബന്ധിക്കുകയും ചെയ്തു. സാറായുടെ അസൂയ അബ്രാമിനെ കടുത്ത നിരാശയിലാക്കി, നിലവിലുള്ള പ്രതിസന്ധി സങ്കീർണ്ണമാക്കുവാൻ ആവൻ ആഗ്രഹിച്ചിരുന്നില്ല.

അവർക്ക് ഒരു സന്തതിയെ നൽകുമെന്ന് ദൈവം അബ്രാമിനും സാറായ്ക്കും വീണ്ടും ഉറപ്പു നൽകി. അവരുടെ പേരുകൾ മാറ്റിയാണ് അവൻ അവരെ പ്രോൽസാഹിപ്പിച്ചത്. "അബ്രാം" എന്നത് "അബ്രഹാം" ആക്കി മാറ്റി (ഉൽപത്തി 17:5), "സാറായി" എന്നത് "സാറാ" എന്നാക്കി (ഉൽപത്തി 17:15). പ്രാധാന്യമെന്തെന്നാൽ, "അബ്രഹാം ബഹുജാതികളുടെ പിതാവായി തീരേണ്ടിയിരുന്നു," സാറാ വംശങ്ങളുടെ അമ്മയും, ദൈവമുൻപാകെ "രാജകുമാരിയും" ആകേണ്ടിയിരുന്നു.

അതിനുപുറമെ, ദൈവം അബ്രഹാമിനോട് ചെയ്ത ഉടമ്പടി ഒരു "അടയാളത്താൽ" അബ്രഹാമിനും സാറാക്കും ഒരു സന്തതി ഉണ്ടാകുമെന്ന് ഉറപ്പിക്കുകയും ചെയ്തു (ഉൽപത്തി 17:1–14). അബ്രഹാമിന്റെ വീട്ടിലെ പുരുഷ പ്രജയെല്ലാം പരിഛേദന ഏൽക്കണമെന്ന് യഹോവ അരുളിച്ചെയ്തു:

> എനിക്കും നിങ്ങൾക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും മദ്ധ്യേയുള്ളതും നിങ്ങൾ പ്രമാണിക്കേണ്ടതുമായ എന്റെ നിയമം ആവിത്:നിങ്ങളിൽ പുരുഷപ്രജ ഒക്കെയും പരിഛേദന ഏൽക്കേണം. നിങ്ങളുടെ അഗ്രചർമ്മം പരിഛേദന ചെയ്യേണം. അത് എനിക്കും നിങ്ങൾക്കും മദ്ധ്യേയുള്ള നിയമത്തിന്റെ അടയാളം ആകും. തലമുറതലമുറയായി നിങ്ങളിൽ പുരുഷപ്രജയൊക്കെയും എട്ടുദിവസം പ്രായമാകുമ്പോൾ പരിഛേദന ഏൽക്കേണം. വീട്ടിൽ ജനിച്ച ദാസനായാലും നിന്റെ സന്തതി അല്ലാത്തവനായി അന്യനോടു വിലക്കു വാങ്ങിയവനായാലും ശരി (ഉൽപത്തി 17:10–12).

സന്തതി ജനിക്കുന്നതിനു മുമ്പുതന്നെ അബ്രാമിന് ദൈവം ഉടമ്പടിയുടെ ചില കടമകൾ നൽകിയിരുന്നു. നിയമത്തിന്റെ ഉടമ്പടിയായി ഓരോ പുരുഷ പ്രജയെയും പരിഛേദന കഴിക്കുവാൻ അവനോട് കൽപിച്ചിരുന്നു. അന്നുമുതൽ എട്ടുദിവസം പ്രായമായ ആൺകുഞ്ഞുങ്ങളെയെല്ലാം പരിഛേദന ചെയ്യിച്ചിരുന്നു. ഭൗതികമായ പരിഛേദനക്ക് ആത്മിയ പ്രാധാന്യം ഉണ്ടായിരുന്നു; അബ്രഹാമിന്റെ സംഘത്തിൽ പെട്ട ഓരോ ആൺകുട്ടിയും നിയമത്തിന്റെ അടയാളമാണെന്ന് കാണിക്കുന്നതായിരുന്നു ആ പരിഛേദന കഴിക്കൽ.

അബ്രാമിനെ ഒരു സന്തതിയായി യിസഹാക്ക് ജനിക്കേണ്ടതിന് ഒരുക്കുക എന്നതായിരുന്നു ആ അടയാളം ദൈവം കൊടുത്തതിന്റെ ഒരു കാരണം. ആ സന്തതി അബ്രാമിനോട് ദൈവം ചെയ്ത ഉടമ്പടി നിറവേറ്റലായിരുന്നു. അവനും സാറായ്ക്കും ജനിക്കുന്ന സന്തതിക്ക് അബ്രാം തുടർന്നു ഉടമ്പടിയുടെ അടയാളം വരുത്തണമായിരുന്നു.

യിസ്മായേൽ ജനിക്കുന്നതിനു മുമ്പുതന്നെ അബ്രാം വിചാരിച്ചത് വളരെ കാലമായി കാത്തിരിപ്പു തുടങ്ങിയിട്ട് എന്നാണ്, പക്ഷെ വാഗ്ദാന സന്തതി ജനിക്കുവാൻ അവൻ പിന്നെയും പതിനാല് വർഷം കാത്തിരിക്കേണ്ടിവന്നു. അവസാനം, അബ്രാമിനു തൊണ്ണൂറ്റി-ഒമ്പതു വയസായപ്പോൾ (ഉൽപത്തി 17:1), യിസഹാക്കിന്റെ ജനനത്തെ കുറിച്ച് ദൈവം പ്രത്യേകമായി അവനോട് സംസാരിച്ചു (ഉൽപത്തി 17:15–19; 18:10–15). എങ്ങനെയായാലും, അപ്പോഴേ

ക്കും, അബ്രാമിനും (ഉൽപത്തി 17:17), സാറായ്ക്കും (ഉൽപത്തി 18:12–15) പ്രായം കുറെ ആവുകയും, ഒരു മകൻ ജനിക്കുവാനുള്ള സാധ്യതയെ കുറിച്ചു ചിന്തിച്ചു ഉള്ളിൽ ചിരിക്കുകയും ചെയ്തു. സ്പഷ്ടമായും, അവരുടെ വിശ്വാസം ക്ഷീണിച്ചിരുന്നു.

അബ്രാമിന്നു നൂറു വയസും സാറായ്ക്ക് തൊണ്ണൂറു വയസും പ്രായമായപ്പോൾ, തീർച്ചയായും യിസഹാക്ക് ജനിച്ചു. ഒരു സന്തതി ജനിക്കുമെന്ന് ദൈവം ആദ്യമായി വാഗ്ദാനം ചെയ്തിട്ട് ഇരുപത്തി-അഞ്ചു വർഷം കഴിഞ്ഞാണ് അബ്രാമിന് സന്തതി ജനിക്കുന്നത്.

അബ്രാമിന് ഒരു സന്തതിയെ കൊടുപ്പാൻ ഇരുപത്തി-അഞ്ചുവർഷം എടുത്തത് എന്തിന്? രണ്ട് കാരണങ്ങൾ ഒരുപക്ഷെ നൽകുവാൻ കഴിയും. ഒന്ന്, ആ സമയത്ത് അബ്രാമിന്റെ വിശ്വാസത്തിൽ പരിശോധന ആവശ്യമായിരുന്നു.വളരെ കാലം കഴിഞ്ഞാലും ദൈവം തന്റെ വാഗ്ദാനം നിറവേറ്റുമെന്ന് അബ്രാം വിശ്വസിക്കുമോ? നാം കണ്ടതുപോലെ, ഒരു പരിധി വരെ അവന്റെ വിശ്വാസത്തിന് ക്ഷീണം സംഭവിച്ചിരുന്നു, എന്നാൽ മൊത്തത്തിലുള്ള അവന്റെ കാഴ്ച്ചപ്പാട് നോക്കിയാൽ, വിശ്വാസത്തിന് അപകടകരമായ കുഴപ്പം സംഭവിച്ചില്ല എന്നുകാണാം. രണ്ട്, വംശങ്ങൾ വരുവാനുള്ളത് തന്നിൽനിന്നല്ല, ദൈവത്തിൽനിന്നു മാത്രമാണെന്ന് അവൻ തിരിച്ചറിയേണ്ടിയിരുന്നു. അബ്രാമിന്റെ സന്തതി പരമ്പര ദൈവത്താലാണ് ഉത്ഭവിക്കുന്നതെന്ന് മനസിലാക്കി കൊടുപ്പാനാണ് സാറാക്ക് സന്താനോൽപാദന ശേഷി കഴിയുന്നതുവരെ അസാധാരണ സന്തതിയെ നൽകാതിരുന്നത്. അബ്രാമിനും സാറാക്കും ജനിച്ചു എങ്കിലും യിസഹാക്ക് പ്രത്യേകതയുള്ള ദൈവമകൻ ആകേണ്ടിയിരുന്നു. ഉൽപത്തി 21:1–4 പറയുന്നു,

> അനന്തരം യഹോവ, താൻ അരുളിച്ചെയ്തതുപോലെ സാറയെ സന്ദർശിച്ചു. താൻ വാഗ്ദത്തം ചെയ്തിരുന്നതു യഹോവ സാറക്ക് നിവർത്തിച്ചുകൊടുത്തു. അബ്രഹാമിന്റെ വാർദ്ധക്യത്തിൽ ദൈവം അവനോട് അരുളിച്ചെയ്തിരുന്ന അവധിക്ക് സാറാ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു. സാറാ അബ്രഹാമിന്നു പ്രസവിച്ച മകന് അവൻ യിസഹാക്ക് എന്നു പേരിട്ടു. ദൈവം അബ്രഹാമിനോട് കൽപിച്ചിരുന്നതുപോലെ, അവൻ തന്റെ മകനായ യിസഹാക്കിനെ എട്ടാം ദിവസം പരിഛേദന കഴിച്ചു.

കൂടാതെ എബ്രായർ 11:11, 12–ൽ വായിക്കുന്നു,

> വിശ്വാസത്താൽ സാറായും വാഗ്ദത്തം ചെയ്തവനെ വിശ്വസ്തൻ എന്നു എണ്ണുകയാൽ പ്രായം കഴിഞ്ഞിട്ടും പുത്രോൽപാദനത്തിന് ശക്തി പ്രാപിച്ചു. അതുകൊണ്ട്, ഒരുവന്ന്, മൃതപ്രായനായവനു തന്നെ പെരുപ്പത്തിൽ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽപുറത്തെ എണ്ണിക്കൂടാത്ത മണൽപോലെയും സന്തതി ജനിച്ചു.

അവസാനം, അബ്രഹാമിന്നും സാറായ്ക്കും ഒരു സന്തതി ജനിച്ചു. അവന്നു ദൈവം നിശ്ചയിച്ചതുപോലെ യിസഹാക്ക് എന്നു പേരിട്ടു, അർത്ഥം “ഹാസ്യവസ്തു.”

അബ്രഹാം വിശ്വാസത്തിൽ അൽപം ക്ഷീണിച്ചിരുന്നു, പക്ഷെ തുടർന്നും അവൻ വിശ്വസിച്ചു. ദൈവം തന്റെ വാഗ്ദാനം നിറവേറ്റുവാൻ കാര്യങ്ങൾ അവൻ സ്വയം നടത്തി നേക്കി, എന്നാൽ ദൈവം അതിന് അനുവദിച്ചില്ല. വാസ്തവത്തിലുള്ള വിശ്വാസം എന്നു പറയുന്നത് ദൈവവാഗ്ദാനങ്ങളിലുള്ള ആശ്രയമാണെന്ന് അബ്രാഹാമിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

അപ്പോൾ, ദൈവവചനത്തിൽ ആശ്രയിക്കുന്നതാണ് വിശ്വാസത്തിന്റെ രണ്ടാമത്തെ ഘടകം. വിശ്വാസത്തിലുള്ള ആധികാരികമായ ഏതൊരു നടപ്പിനും ദൈവവചനത്തിലുള്ള ആശ്രയം അനിവാര്യമാണ്. ഉദാഹരണത്തിന്, സ്നാനം എന്ന കല്പന നമുക്ക് എടുക്കാം. "വെള്ളത്തിൽ മുങ്ങുന്നതിന് രക്ഷയുമായി എന്തെങ്കിലും ബന്ധമുണ്ടോ?" എന്ന് ആരെങ്കിലും ചോദിക്കുന്നത് നിങ്ങൾ കേട്ടിട്ടുണ്ടോ? അതിനെ കുറിച്ചുള്ള സത്യം എന്തെന്നാൽ ദൈവം അതിനെ കാണുവാനല്ല പറഞ്ഞിട്ടുള്ളത് - അത് *വിശ്വസിക്കുവാനാണ്* അവൻ പഞ്ഞിട്ടുള്ളത്! (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:38; 22:16). അബ്രഹാമിന്ന് എങ്ങനെ ഒരു സന്തതി ജനിക്കുമെന്ന് നോക്കുവാനല്ല അവൻ പറഞ്ഞത് - അത് വിശ്വസിക്കുവാനാണ് അവനോട് പറഞ്ഞത്!

വെള്ളത്തിൽ സ്നാനമേൽക്കുവാൻ നിൽക്കുമ്പോഴാണ് ദൈവത്തിന്റെ വാഗ്ദാനസ്ഥാനത്ത് ഒരാൾ യഥാർത്ഥത്തിൽ നിൽക്കുന്നത്. വെള്ളത്തിൽ മുങ്ങുമ്പോൾ കഴുകപ്പെടുകയോ, ശാരീരിക സൗഖ്യം ലഭിക്കുകയോ ഇല്ല. അത് ശരീരത്തെ ഉപദ്രവരഹിതമായി വെള്ളത്തിൽ മുക്കലാണ്. ദൈവവാഗ്ദാനം അതുമായി ബന്ധിപ്പിക്കുമ്പോഴാണ് സ്നാനത്തിന് വിലയുണ്ടാകുന്നത്. ക്രിസ്തുവിനോട് ചേരുന്ന സ്നാനത്തിൽ പ്രകടമായ ഒന്നും മനസിലാക്കാവുന്നതല്ല - സ്വർഗത്തിൽനിന്ന് ഒരു ശബ്ദം കേൾക്കുകയോ, സ്നാനമേറ്റു വരുന്ന ആളിനു ചുറ്റും പ്രകാശമോ കാണുകയില്ല, സ്നാനമേറ്റ വ്യക്തിയിൽ അത്ഭുതകരമായി സംഭവിക്കുന്നതൊന്നും കാണുവാനും സാധ്യമല്ല. സ്നാനപ്പെടുന്നയാൾ ദൈവവാഗ്ദാനത്തിൽ വിശ്വസിക്കുകയാണ് ചെയ്യുന്നത്, അവനിൽ ആശ്രയിച്ചു വെള്ളത്തിൽനിന്ന് കയറിവരികയും ചെയ്യും. രക്ഷക്കുള്ള വിശ്വാസപ്രവൃത്തിയാണ് സ്നാനം. ഒരാൾ വെള്ളത്തിൽനിന്ന് കയറി ക്രിസ്ത്യാനിയായി തീരുമ്പോൾ, ആ വ്യക്തിയുടെ പാപങ്ങളെല്ലാം ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെടുമെന്ന സ്വർഗീയ വാഗ്ദാനം ദൈവം നിറവേറ്റും.

ഒരാൾ ദൈവത്തോടുകൂടി നടക്കുന്നതു തിരഞ്ഞെടുക്കുമ്പോൾ, അയാൾ അവന്റെ വചനത്തോടുകൂടി നടക്കുവാനാണ് തീരുമാനിക്കുന്നത്, അല്ലാതെ, പ്രത്യേക അടയാളമോ, അസാധാരണ തോന്നലുകളോ, അല്ലെങ്കിൽ അസാമാന്യ നടത്തിപ്പോ ഉണ്ടാകുകയില്ല. ആ നടപ്പിന് ദിനന്തോറും ദൈവത്തിലും അവന്റെ വചനത്തിലും അനിവാര്യമായ  ആശ്രയം ഉണ്ടാകണം.

## നൽകൽ എന്ന പരീക്ഷണം

യിസഹാക്ക് ജനിച്ചശേഷം, ഒരിക്കൽ അബ്രഹാം മൂന്നാമത്തെ പരീക്ഷണം നേരിട്ടു:നൽകുന്നതിനെ കുറിച്ചുള്ള പരീക്ഷണം. തന്റെ മകനായ യിസഹാക്കിനെ യാഗമായി അർപ്പിപ്പാൻ ദൈവം അബ്രഹാമിനോട് പറഞ്ഞു. അവന്റെ വിശ്വാസജീവിതത്തിലെ പരമോന്നതമായ ഒരു പരീക്ഷണമായിരുന്നു അത്.

അവനെ നൽകിയപ്പോൾ യിസഹാക്കിനു എത്ര വയസുണ്ടായിരുന്നു എന്ന് ബൈബിൾ നമ്മോടു പറയുന്നില്ല. ഒരുപക്ഷെ അവനു പത്തു വയസ് പോലും ആയി കാണുകയില്ല. എതിർപ്പുകൂടാതെ, അപ്പനെ അനുസരിച്ചുകൊണ്ട്

പോയി. "തീയും വിറകുമുണ്ട്, എന്നാൽ ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ?"(ഉൽപത്തി 22:7) എന്ന അവന്റെ ചോദ്യം സൂചിപ്പിക്കുന്നത്, അവന് വിവേചിപ്പാനുള്ള പ്രായമായി എന്നാണ്. പർവ്വതത്തിൽ എത്തുന്നതിനു മുൻപ് ചോദ്യങ്ങൾ ചോദിക്കത്തക്ക പ്രായമെത്താതിരിന്നു എന്നു കരുതാം, അല്ലെങ്കിൽ പുറപ്പെടുന്നതിനു മുൻപ് അപ്പൻ മകനോട് കാര്യം പറയുമായിരുന്നു.

യിസഹാക്കിനെ യാഗം കഴിപ്പാൻ അബ്രഹാമിനോട് കൽപിച്ചപ്പോൾ, "മുറിവിൽ ഉപ്പ് തേക്കുന്നതുപോലെ" അവന് ഉള്ളിൽ നീറ്റൽ അനുഭവപ്പെട്ടിരിക്കാം. ആ വാക്കുകൾ വേദന വർദ്ധിപ്പിക്കുന്നതും യാഗത്തിന്റെ ഊന്നൽ പ്രകടിപ്പിക്കുന്നതുമാകുന്നു:

> അപ്പോൾ അവൻ "നിന്റെ മകനേ, നീ സ്നേഹിക്കുന്ന, നിന്റെ ഏകജാതനായ യിസഹാക്കിനെ തന്നെ, കൂട്ടിക്കൊണ്ട് മോരിയാ ദേശത്ത് ചെന്നു അവിടെ ഞാൻ നിന്നോട് കൽപിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്ന് അരുളിച്ചെയ്തു" (ഉൽപത്തി 22:2).

ദൈവം "യാക്കൊബിനെ എടുക്ക" എന്നല്ല പറഞ്ഞിരിക്കുന്നത്. അവന്ന് പ്രിയപ്പെട്ടതായ മൂന്നു വാക്കുകൾ പറഞ്ഞിരിക്കുന്നു, "നിന്റെ മകനെ, നീ സ്നേഹിക്കുന്ന, നിന്റെ ഏകജാതനെ തന്നെ,..."

ആ കൽപനയെ കുറിച്ച് അബ്രഹാം വിചാരിച്ചത് നമ്മോട് പറഞ്ഞിട്ടില്ല. അബ്രഹാമിനു ചുറ്റുമുള്ള അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർ കുട്ടികളെ ബലി കഴിച്ചിരുന്നു. അപൂർവ്വമായിരുന്നുവെങ്കിലും, അത് അന്നുണ്ടായിരുന്നു. "അന്യദേവന്മാർ തങ്ങളുടെ ദേവന്മാർക്ക് സമർപ്പിച്ചിരുന്നതുപോല, താനും സമർപ്പിക്കുമോ?" എന്നറിയുവാൻ ദൈവം ആഗ്രഹിച്ചതായിരിക്കും എന്ന് അബ്രഹാം ചിന്തിച്ചിരിക്കാം. അവൻ എന്തു വിചാരിച്ചു എന്ന് നമുക്ക് അറിയില്ല, പക്ഷെ അവൻ ദൈവം കൽപിച്ചതുപോലെ ചെയ്യുവാൻ ഉടനെ പുറപ്പെട്ടു എന്നു നമുക്ക് അറിയാം.

ഇതുപോലെയുള്ള ഒരു കൽപന ദൈവം നൽകിയത് എന്തിനാണ്? മോരിയാ മലയിൽ സംഭവിച്ചതു നാം വായിച്ചാൽ, മനുഷ്യയാഗം ദൈവം ആഗ്രഹിച്ചിരുന്നില്ല എന്നു കാണാം. അവന് ഏറ്റവും വിലപ്പെട്ട അവകാശത്തെ ആവശ്യപ്പെട്ട് അവന് തന്നിൽ പൂർണ്ണമായ ആശ്രയം ഉണ്ടോ എന്നു നോക്കുവാനായിരിക്കാം. ദൈവം ആവശ്യപ്പെട്ടതു സാറയെയല്ല, എല്ലാ വാഗ്ദാനങ്ങളും കെട്ടപ്പെട്ടിരുന്ന യിസഹാക്കിനെ തന്നെയാണ് ആവശ്യപ്പെട്ടത്. കൂടാതെ, അബ്രഹാമിന്റെ മകനെ എന്നല്ല പറഞ്ഞത്, ദൈവം ചോദിച്ചത് അബ്രഹാമിന്റെ ഹൃദയവും ഭാവിയുമാണ് – തനിക്കുള്ളതെല്ലാം അവൻ ദൈവത്തിനു നൽകണമായിരുന്നു.

അബ്രഹാം എന്താണ് ചെയ്തത്? കൽപന ലഭിച്ചയുടനെ, ആവശ്യത്തിന് വിറകും, തീയും ശേഖരിച്ചു, മോരിയാ മലയിലേക്കുള്ള യാത്രയിൽ ആവശ്യമായ രണ്ട് ബാല്യക്കാരേയും കൂട്ടി, അവിടെയായിരുന്നു യാഗം കഴിക്കേണ്ടിയിരുന്നത്. മലയുടെ അടുത്ത് എത്തിയപ്പോൾ,ബാല്യക്കാരോട് അവൻ പറഞ്ഞു, "നിങ്ങൾ കഴുതയുമായി ഇവിടെ ഇരിപ്പിൻ, ഞാനും ബാലനും അവിടത്തോളം ചെന്നു ആരാധന കഴിച്ചു മടങ്ങിവരാം എന്നു പറഞ്ഞു" (ഉൽപത്തി 22:5). അബ്രഹാം ഉറച്ച വിശ്വാസത്തോടുകൂടിയാണ് ബാലനെ യാഗം കഴിപ്പാൻ പോയത്. അവനെ മരിച്ചവരിൽനിന്നുയർപ്പിച്ച് ദൈവം വാഗ്ദാനം ചെയ്തതെല്ലാം

അവൻ മുഖാന്തരം നിറവേറ്റുമെന്ന് അവൻ ഉറച്ചിരുന്നു. ആ സംഭവത്തിൽ അബ്രഹാമിനുണ്ടായിരുന്ന ആഴമേറിയ വിശ്വാസത്തെ എബ്രായലേഖകൻ വിവരിക്കുന്നു:

> വിശ്വാസത്താൽ അബ്രഹാം താൻ പരീക്ഷിക്കപ്പെട്ടപ്പോൾ, യിസഹാക്കിനെ യാഗം അർപ്പിച്ചു. "യിസഹാക്കിൽനിന്നു ജനിക്കുന്നവർ നിന്റെ സന്തതി എന്നു വിളിക്കപ്പെടും" എന്ന അരുളപ്പാട് ലഭിച്ചു. വാഗ്ദത്തങ്ങളെ കൈക്കൊണ്ടവൻ തന്റെ ഏകജാതനെ അർപ്പിച്ചു. മരിച്ചവരുടെ ഇടയിൽനിന്നുയർപ്പിപ്പാൻ ദൈവം ശക്തനെന്നു എണ്ണുകയും അവരുടെ ഇടയിൽനിന്നു എഴുന്നേറ്റവനെപോലെ അവനെ തിരികെ പ്രാപിക്കുകയും ചെയ്തു (എബ്രായർ 11:17–19).

അബ്രഹാമും യിസഹാക്കും മലമുകളിൽ എത്തിയപ്പോൾ, ഉപയോഗിക്കുവാനുള്ള യാഗപീഠം ശാന്തമായി അവൻ ഉണ്ടാക്കിയിരിക്കാം. കല്ലുകൾ മിതെ ഓരോന്നായി എടുത്തുവെച്ച് യാഗപീഠം ഉറപ്പുള്ളതാക്കി കാണും. വാസ്തവത്തിൽ അബ്രഹാം യിസഹാക്കിനെ യാഗം കഴിക്കുവാൻ ഒരുങ്ങിയ മാനസികാവസ്ഥ നമുക്ക് അറിയില്ല. ഒരുപക്ഷെ അവൻ യിസഹാക്കിനോട് ചേർന്നിരുന്നു, അവനെ കെട്ടിപ്പിടിച്ച്, "യിസഹാക്കേ, ഞാൻ ദൈവം കൽപിച്ചത് ചെയ്യുവാനായി പോകുന്നു. എനിക്ക് അത് മനസിലാകുന്നില്ലെങ്കിലും, എല്ലാം ശരിയാകും. ദൈവത്തിൽ ആശ്രയിക്കാം. ദൈവത്തിൽ ആശ്രയിക്കുവാനാണല്ലോ ഇതുവരെ ഞാൻ പഠിപ്പിച്ചത്. ഇപ്പോൾ നമുക്ക് അവനിൽ പൂർണ്ണമായി ആശ്രയിക്കാം. നാം അവനിൽ പൂർണ്ണമായി വിശ്വസിച്ചാൽ അവൻ നമ്മെ കരുതും. ഞാൻ നിന്നെ കെട്ടി യാഗപീഠത്തിന്മേൽ കിടത്തുവാൻ പോകയാണ്, പേടിക്കരുത്, ദൈവം നിന്നെ കാത്തുകൊള്ളും." എന്നു പറഞ്ഞിരിക്കാം.

സംഭാഷണശേഷം, അബ്രഹാം യിസഹാക്കിനെ ബന്ധിച്ച് പതുക്കെ യാഗപീഠത്തിന്മേൽ കിടത്തി. യിസഹാക്കിനു കൂടുതൽ വേദന അനുഭവപ്പെടാതിരിക്കുവാൻ പെട്ടെന്ന് നടത്തുവാൻ അബ്രഹാം തീരുമാനിച്ചിരിക്കാം. അബ്രഹാം കൈ നീട്ടി കത്തി എടുത്തു ഓങ്ങുന്നതിനു മുൻപ്, സ്വർഗത്തിൽനിന്നു "അബ്രഹാമേ, അബ്രഹാമേ! അവന്റെ മേൽ കൈവെക്കരുത്, അവനോട് ഒന്നും ചെയ്യരുത്. നിന്റെ ഏകജാതനായ മകനെ തരുവാൻ നീ മടിക്കായ്കകൊണ്ട്, നീ ദൈവത്തെ ഭയപ്പെടുന്നു എന്നു ഞാൻ ഇപ്പോൾ അറിയുന്നു" എന്ന ശബ്ദം കേട്ടു (ഉൽപത്തി 22:11, 12). നൽകൽ എന്ന പരീക്ഷണത്തെ അബ്രഹാം വിശ്വസ്തതയോടും ഭക്തിയോടുംകൂടെ അതിജീവിച്ചു. ഭൂമിയിൽ തന്റെ അവകാശം എല്ലാം അവൻ ദൈവത്തിന് യാഗപീഠത്തിൽ നൽകി.

ഏതൊരു വായനക്കാരനും തിരിച്ചറിയാവുന്നതാണ് അബ്രഹാം ചെയ്ത പ്രവൃത്തിയുടെ പ്രാധാന്യം. ആദ്യം, അബ്രഹാം തന്റെ ആത്മാവിനു പ്രിയപ്പെട്ട, അവന്റെ ഹൃദയത്തെ ദൈവത്തിന് നൽകി. രണ്ടാമത്, ദൈവം അവന് നൽകിയ വാഗ്ദാനങ്ങൾ യിസഹാക്കിൽ കൂടെ നിറവേറ്റുവാൻ ദൈവത്തിന് തിരിച്ച് യാഗവസ്തുവായി യിസഹാക്കിനെ നൽകി.

ദൈവത്തിലേക്ക് പരിവർത്തനം ചെയ്ത ഒരു മനുഷ്യനെ കുറിച്ചു പറഞ്ഞു കേട്ട കഥയോട് നമുക്ക് അബ്രഹാമിനോട് ദൈവം ചെയ്തതിനെ ഉപമിക്കാം. ആ മനുഷ്യൻ പരിവർത്തനം ചെയ്ത ഉടനെ ദൈവം അവനോട് ചോദിച്ചു,

"നിനക്ക് എന്തുണ്ട്?" അവൻ പറഞ്ഞു, "എനിക്ക് ഒരു വീടുണ്ട്." ദൈവം പറഞ്ഞു, "എനിക്ക് അത് വേണം." വീണ്ടും ദൈവം "ഇനി നിനക്ക് എന്തുണ്ട്?" എന്നു ചോദിച്ചു, അതിന് അവൻ "എനിക്ക് ഒരു കാറും ബാങ്കിൽ കുറെ പണവുമുണ്ട്." "എനിക്ക് അതു വേണം" എന്നു ദൈവം പറഞ്ഞു. വീണ്ടും "ഇനി എന്താണ് നിനക്കുള്ളത്?" അവൻ അതിന് "എനിക്ക് ഭാര്യയും രണ്ടു മക്കളുമുണ്ട്." "അവരെ എനിക്കു നൽകുക." എന്നു ദൈവം പറഞ്ഞു, വീണ്ടും ദൈവം അവനോട് "ഇനി എന്താണ് നിനക്കുള്ളത്?" എന്നു ചോദിച്ചു, അതിന് അവൻ "ഇനി എനിക്ക് ഞാൻ മാത്രമെയുള്ളു." "നിന്നെ എനിക്കു നൽകുക" ദൈവം അവനോട് പറഞ്ഞു. "ഇപ്പോൾ എനിക്കുള്ളതെല്ലാം, എന്നേയും നിനക്കു നൽകി. ഇനിയോ?" അവൻ ചോദിച്ചു. "ഞാൻ അവയെല്ലാം നിനക്ക് തിരിച്ചുനൽകാം, അവ എന്റെ മഹത്വത്തിനായി മറ്റൊരുവിധത്തിൽ ബുദ്ധിയോടെ ഉപയോഗിക്കുക." എന്നു ദൈവം പറഞ്ഞു. അതാണ് ദൈവം അബ്രഹാമിനോട് ചെയ്തത്.

ഇവിടെ മറ്റൊരു സത്യം കാണാം: അബ്രഹാം തന്റെ സന്തതിയെ ദൈവത്തിനു നൽകിയപ്പോൾ, ദൈവം അവനെ തിരിച്ചുനൽകിയത് *എന്നേക്കുമായി*ട്ടാണ്. പിന്നീട് പുതിയനിയമത്തിൽ യേശു ദൈവത്തെ കുറിച്ച്, "അബ്രഹാമിന്റേയും, യിസഹാക്കിന്റേയും, യാക്കൊബിന്റേയും ദൈവം എന്നാണ് പറഞ്ഞത്". ദൈവം ഉണ്ടായി*രുന്നവ*നായിട്ടല്ല, ഉള്ളവനാണ് *എന്നാണ്* യേശു പറഞ്ഞത്. യേശു സംസാരിക്കുമ്പോൾ അവർ മൂന്നുപേരും നിത്യതയിൽ ഉള്ളവരായിട്ടാണ് പറഞ്ഞത് (മത്തതായി 22:32).

ഓർക്കുക: നാം ദൈവത്തിനു കൊടുക്കുന്നതു മാത്രമാണ് നമുക്ക് സൂക്ഷിക്കുവാനുള്ളത്. നമ്മുടെ ജീവിതം നിലനിൽക്കുന്നത്, വീടുകളിലോ, വസ്തുക്കളിലോ, പണത്തിലോ അല്ല - ഭർത്താക്കന്മാരും, ഭാര്യമാരും, മക്കളും വിലയുള്ളവരാണെങ്കിലും, അവരിൽപോലുമല്ല. വിശ്വാസത്താൽ ദൈവത്തോടുകൂടെ നടക്കുന്നതാണ് യഥാർത്ഥ ജീവിതം. അത്തരം നടപ്പ് ദൈവത്തെ മഹത്വപ്പെടുത്തുന്നതും മറ്റുബന്ധങ്ങളെല്ലാം അതുമായി ബന്ധപ്പെട്ടിരിക്കുന്നതുമാണ്.

ഇവിടെ, ഇതാ വിശ്വാസത്തിന്റെ മൂന്നാമത്തെ ഘടകഭാഗം: ദൈവത്തിന് നൽകൽ. ദൈവസ്നേഹം നൽകുന്ന സ്നേഹമാണ്. എപ്പോഴും, നൽകുവാനും, പങ്കിടുവാനും താൽപര്യപ്പെടുന്ന നിസ്വാർത്ഥമായി സ്നേഹിക്കുന്നവനാണ് ദൈവം. ത്യാഗപൂർണ്ണമായ നൽകൽ ഉൾപ്പെടുന്ന, നമുക്കുള്ളത് പങ്കിടുന്നതും ഉൾപ്പെടുന്നതാണ് ആ നടപ്പ്. ഉദാരമായി നൽകി സ്നേഹിക്കാതെ ആർക്കും വാസ്തവത്തിൽ വിശ്വാസത്താൽ നടക്കുവാൻ സാധ്യമല്ല.

അമേരിക്കയിൽ വലിയ ഞെരുക്കം നേരിട്ടപ്പോൾ, ധനവാനായ ഒരു മനുഷ്യൻ പ്രവൃത്തികൾ 2:38 ഉദ്ധരിപ്പാൻ ഇഷ്ടപ്പെട്ടു. പലപ്പോഴും അത് ഉദ്ധരിച്ച്, സ്നാനത്തിന്റെ പ്രാധാന്യം അദ്ദേഹം എല്ലാവർക്കും കാണിച്ചുകൊടുപ്പാൻ താൽപര്യപ്പെട്ടു. എങ്ങനെയായാലും, ഞായറാഴ്ച്ച രാവിലെ ആരാധനക്കിടയിൽ ധർമ്മശേഖര പ്ലെയിറ്റ് വരുമ്പോൾ, അദ്ദേഹം ചെറിയ തുകയാണ് അതിലിടുന്നത്. ആ സമയത്ത് സഭ സാമ്പത്തികഞെരുക്കത്തിലായിരുന്നു, അദ്ദേഹത്തിനു നൽകുവാൻ സാമ്പത്തിക കഴിവുണ്ടായിരുന്നു; പക്ഷെ അദ്ദേഹം പത്തു രൂപ മാത്രമാണ് തുടർച്ചയായി ഇട്ടുകൊണ്ടിരുന്നത്. അദ്ദേഹത്തിന് പ്രവൃത്തികൾ 2:38 ഉദ്ധരിപ്പാൻ കഴിഞ്ഞിരുന്നു, എന്നാൽ അതിൽ പഠിപ്പിക്കുന്നത് അദ്ദേഹം മനസിലാക്കിയില്ല. അതിൽ പറയുന്ന തരത്തിലുള്ള വിശ്വാസം അയാൾക്കില്ലായിരുന്നു. ആരായാലും വാസ്തവത്തിൽ മാനസാന്തരപ്പെട്ട്

സ്നാനമേൽക്കുന്ന വ്യക്തി വിശ്വാസത്താൽ നടക്കുമെന്നാണ് ആ വാക്യം പറയുന്നത്. ആ നടപ്പിൽ നിസ്വാർത്ഥ നൽകലും ജീവിക്കലും അടങ്ങുന്നു.

**ഉപസംഹാരം**

വാസ്തവത്തിലുള്ള വിശ്വാസം എന്താണെന്നും, എങ്ങനെ അത് ഒരാളുടെ ഹൃദയത്തിൽ പ്രവർത്തിക്കുന്നു എന്നും മനസിലാക്കുവാൻ നമ്മെ സഹായിക്കുന്നതാണ് അബ്രഹാം നേരിട്ടു വിജയിച്ച മൂന്നു പരീക്ഷണങ്ങൾ. *വിശ്വാസം എന്നത് ദൈവവചനങ്ങൾ സ്വീകരിക്കുന്നതും, ആ വചനപ്രകാരം ആശ്രയിക്കയും സ്നേഹിക്കയും ചെയ്യുന്നതാണ്.* അത്തരം വിശ്വാസത്തെ മൂന്നു ഘടകങ്ങളായി തിരിക്കാവുന്നതാണ്: വിട്ടുകളയുവാൻ ദൈവം പറഞ്ഞത് വിട്ടുകളയുകയും, ദൈവകൽപനകളിലും വാഗ്ദാനങ്ങളിലും ആശ്രയിക്കയും, നമ്മുടെ ജീവിതവും നമുക്കുള്ളതും അവന് നൽകി അവൻ നിർദ്ദേശിച്ചപോലെ അവനെ സേവിക്കുന്നതുമാണ്.

നിങ്ങൾ എപ്പോഴെങ്കിലും ഒരു ചെറിയ മരപ്പാലത്തിലൂടെ കടന്നുപോകാൻ ശ്രമിച്ചിട്ട്, നിങ്ങളെ അതു താങ്ങുകയില്ല എന്നു വിചാരിച്ച് അതിന്മേൽ കൂടെ കടന്നുപോകുവാൻ മടിച്ചിട്ടുണ്ടോ? ഒരുപക്ഷെ നിങ്ങൾ അതിൽ കയറിനിന്ന് അതിന്റെ ബലം പരിശോധിച്ചു കാണാം. അവസാനം, പിന്നീട് മന്ദഗതിയിൽ മറുകര കടക്കുവാൻ ശ്രമിച്ചിരിക്കാം. ഒരിക്കൽ അതിന്റെ ബലം നിങ്ങൾക്ക് ബോധ്യമായാൽ, ഉറപ്പോടുകൂടി അതിന്മേൽ കൂടെ അങ്ങോട്ടുമിങ്ങോട്ടും പല പ്രാവശ്യം നിങ്ങൾക്ക് ഉറപ്പോടെ സഞ്ചരിക്കുവാൻ കഴിയും. അതാണ് വാസ്തവത്തിൽ വിശ്വാസത്താൽ നടക്കുക എന്നാൽ. നിങ്ങൾ ദൈവവചനത്തിലെ തെളിവുകൾ സ്വീകരിക്കുകയും, ദൈവത്തിൽനിന്നുള്ള സത്യത്തിൽ നിങ്ങളുടെ ശക്തിയെല്ലാം ഇടുന്നു. നിങ്ങൾ ആ സത്യത്തിൽ നിൽക്കുകയും, സത്യത്തിൽ ജീവിക്കയും ചെയ്യും. അവന്റെ വചനത്തിലെ സത്യമാണ് നിങ്ങളുടെ ദൈവത്തിലേക്കുള്ള പാലം. ഊഹാപോഹങ്ങളുടേയോ, തോന്നലുകളുടേയോ അടിസ്ഥാനത്തിലുള്ളതല്ല വിശ്വാസത്താലുള്ള നടപ്പ്. അത് ദൈവവചനമെന്ന പാലത്തിന്റെ നടുവിൽകൂടെ നടക്കുന്നതാണ്.

നിങ്ങൾ ചോദിച്ചേക്കാം, "അത്തരം നടപ്പിന് എന്തെങ്കിലും പ്രതിഫലമുണ്ടോ?" ഉണ്ട്, വിശ്വസ്തമായി ജീവിച്ച മനുഷ്യന് രണ്ട് പ്രധാന പ്രതിഫലമാണുള്ളത്. അവന് അല്ലെങ്കിൽ അവൾക്ക് ദൈവത്തിന്റെ അനുഗ്രഹങ്ങൾ മാത്രമല്ല, ദൈവത്തെ തന്നെയും ലഭിക്കും. ദൈവം നമ്മുടെ വീണ്ടെടുപ്പും പ്രതിഫലവുമാണ്. ദൈവത്തിൽനിന്നുള്ള ഏറ്റവും വലിയ ദാനം ദൈവം തന്നെയാണ്. ഉൽപത്തി 15:1-ൽ ദൈവം അബ്രഹാമിനോട് പറഞ്ഞു, "അബ്രാമേ ഭയപ്പെടേണ്ടാ, ഞാൻ നിന്റെ പരിചയും അതിമഹത്തായ പ്രതിഫലവുമാകുന്നു." അബ്രഹാം ദൈവത്തോടുകൂടി നടന്നപ്പോൾ, അവന് ദൈവത്തിന്റെ അനുഗ്രഹങ്ങൾ മാത്രമല്ല, അനുഗ്രഹിക്കുന്ന ദൈവത്തെയും ലഭിച്ചു.അതേ ക്ഷണം നമുക്കുമുണ്ട്. ദൈവം പറയുന്നു, "വന്ന് എന്നോടുകൂടി നടക്കുക, ഞാൻ നിങ്ങൾക്ക് എന്റെ സാന്നിധ്യവും, എനിക്കുള്ളതും നൽകും." നിങ്ങൾ വിശ്വാസത്താൽ നടന്നു തുടങ്ങുമോ?

**പഠിക്കേണ്ട പാഠം:**
**ദൈവവചനം കൈക്കൊള്ളുന്നതും**
**അതനുസരിച്ചു ജീവിക്കുന്നതുമാണ് വിശ്വാസം.**

കുറിപ്പുകൾ

[1]ദൈവം അബ്രാമിനെ പ്രത്യേകമായി ഹാരാനിൽ നിന്നു വിളിച്ചു എന്ന് പഴയ നിയമം പറയുന്നു (ഉൽപത്തി 12:1); പുതിയനിയമത്തിൽ സ്തെഫാനോസിന്റെ പ്രസംഗത്തിൽ (പ്രവൃത്തികൾ 7:2, 3) പറയുന്നത് അബ്രഹാമിനെ ദൈവം ഊരിൽനിന്നു വിളിച്ചു എന്നാണ്. ഏതു സ്ഥലത്തുവെച്ചാണ് ദൈവം ആദ്യം അബ്രഹാമിനെ വിളിച്ചത്? ഊരിൽനിന്നോ അതോ ഹാരാനിൽനിന്നോ? പഴയനിയമത്തിൽ ഉൽപത്തി 15:7 ഉം നെഹെമ്യാവ് 9:7 ഉം സൂചിപ്പിക്കുന്നത് അബ്രഹാമിനെ ദൈവം ആദ്യം വിളിച്ചത് ഊരിൽനിന്നാണെന്നാണ്, പുതിയനിയമത്തിൽ അതു വ്യക്തമാക്കിയിരിക്കുന്നത് പ്രവൃത്തികൾ 7:2, 3 വാക്യങ്ങളിലാണ്. അതുകൊണ്ട് അബ്രഹാമിന് ഊരിൽനിന്ന് ആദ്യത്തെ വിളിയും, ഹാരാനിൽനിന്നു രണ്ടാമത്തെ വിളിയും ലഭിച്ചു. [2]ജോൺ ജെ. ഡേവിസ്, *പാരഡൈസ് ടു പ്രിസൺ:സ്റ്റഡീസ് ഇൻ ജെനസിസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1975), 160. [3]ജീൻ എഗെൻസ്റ്റ്സ്, *അബ്രഹാം* (വെൻടുറ, കാലിഫ്.: റീഗൽ ബുക്സ്, 1976), 11. [4]അതായത്, യൂഫ്രെത്തോസ്, കൂടാതെ, വാക്യം 3, 14, 15 നോക്കുക. [5]അഞ്ചു വ്യത്യസ്ത സാഹചര്യങ്ങളിൽ അബ്രഹാമിന് ദൈവത്തിൽനിന്നു വാഗ്ദാനങ്ങൾ ലഭിച്ചു, അവയെല്ലാം ഒരുമിച്ച് ചേർത്താൽ, ദൈവം അബ്രഹാമിനോട് ചെയ്ത ഉടമ്പടി കാണാം. ആദ്യ വാഗ്ദാനം അബ്രഹാം വാഗ്ദാനദേശത്ത് പ്രവേശിക്കുന്നതിനു മുൻപായിരുന്നു (ഉൽപത്തി 12:1–3); രണ്ടാമത്തേത് ലോത്ത് അവനെ വിട്ടുപോയശേഷമാണ് (ഉൽപത്തി 13:14–17); മൂന്നാമത്തേത്, അബ്രഹാം നാല് രാജാക്കന്മാരിൽനിന്നു ലോത്തിനെ വിടുവിച്ച ശേഷമാണ് (ഉൽപത്തി 15:1–21); നാലാമത്തേത്, അബ്രഹാമിന് തൊണ്ണൂറ്റി-ഒമ്പതു വയസായപ്പോൾ, സോദോമിനെ നശിപ്പിക്കുന്നതിന് തൊട്ടുമുൻപായിരുന്നു (ഉൽപത്തി 17:1–22); അഞ്ചാമത്തേത് വർഷങ്ങൾക്ക് ശേഷമായിരുന്നു, ദൈവം യിസഹാക്കിനെ യാഗം കഴിക്കുവാൻ കൽപിച്ചതിനെ തുടർന്ന് (ഉൽപത്തി 22:15–18). ദൈവം ആ അഞ്ചു പ്രാവശ്യവും പറഞ്ഞതു നാം തരം തിരിച്ചു മനസിലാക്കിയാൽ, മുഖ്യമായും മൂന്നു മേഖലകളിലെ വാഗ്ദാനമായി അതിനെ കാണുവാൻ കഴിയും. ആദ്യത്തേത്, അബ്രഹാമിന്റെ മുൻഗണനകൾ ഒരു ദേശമായി വളർന്ന് അവന്റെ ജനമായി തീരുന്നു (ഉൽപത്തി 12; 13:16; 15:2–5; 17:4–6; 22:17). രണ്ടാമത്തേത്, അബ്രഹാമിനെ ദൈവം വിളിച്ചുകൊണ്ടുവന്ന ദേശം അവരുടെ സ്വദേശമായി തീരുന്നു (ഉൽപത്തി 13:14–17; 15:18; 17:8). മൂന്നാമത്തേത്, അവന്റെ സന്തതികൾ ലോകത്തിന് അനുഗ്രഹമായി തീരും, അങ്ങനെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും (ഉൽപത്തി 12:2, 3; 18:18; 22:18). യെഹൂദാ ഗോത്രത്തിൽകൂടെ മശിഹ വന്നപ്പോൾ അവസാനത്തേത് നിറവേറി (ഗലാത്യർ 3:16). [6]ഹമ്മുരാബി എന്ന ബാബേൽ രാജാവ് (ബി. സി. 1728–1686) തന്റെ ജനത്തിനുവേണ്ടി എഴുതിയ നിയമാവലികൾ ഇന്നുവരെ നിലനിൽക്കുന്നു. അവൻ എഴുതിയ ആ നിയമസംഹിതകൾ സുമാരിയയിലെ നിയമനിർമ്മാണ കാര്യസമിതികളായ എസ്നുന്നയിലും, ലിപിറ്റ്-ഇസ്താറിലും സ്വീകരിച്ചിട്ടുണ്ട്. ഹമ്മുരാബിയുടെ നിയമങ്ങൾ സ്മാരകഫലകങ്ങളിൽ എഴുതി ആളുകളുടെ അറിവിലേക്കായി പൊതുസ്ഥലങ്ങളിൽ വെക്കുമായിരുന്നു. ആ നിയമങ്ങളുടെ ഫലമായിട്ടായിരുന്നു രണ്ടാം ആയിരം വർഷങ്ങളിലെ സാമൂഹ്യമാറ്റം. [7]പുരാതന ബൈബിൾ ദേശങ്ങളെ കുറിച്ചു ഉൾക്കാഴ്ച്ച നൽകുന്നതായിരുന്നു നൂസി മുതൽ കിഴക്ക് ടൈഗ്രിസ് വരെ പുരാവസ്തുഗവേഷകർ കുഴിച്ചു കണ്ടെടുത്ത ദിനവൃത്താന്തരേഖകൾ. ആ രേഖകളധികവും ബി. സി. പതിനഞ്ചാം നൂറ്റാണ്ടിലേതാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ആ ഫലകങ്ങളിലെ ആചാരങ്ങളും നിയമങ്ങളും, എബ്രായ സമൂഹത്തിലെ പിതാക്കന്മാരുടേതിനോട് സാമ്യമുള്ളത് നമ്മെ അത്ഭുതപ്പെടുത്തുന്നു.

# നോഹ
# മനുഷ്യവർഗത്തെ രക്ഷിച്ച മനുഷ്യൻ

വേദഭാഗം: ഉൽപത്തി 6:5–9:29

ചില പേരുകൾ വലിയ സംഭവങ്ങളുമായി എന്നേക്കും ബന്ധപ്പെട്ടിരിക്കും. പുറപ്പാടിൽ നാം മോശെയെ കാണുന്നു. ആദ്യത്തെ സുവിശേഷപ്രസംഗത്തെ കുറിച്ചു നാം ചിന്തിക്കുമ്പോൾ, പത്രൊസിനെ ഓർമ്മ വരും. ജലപ്രളയത്തെ കുറിച്ച് ചിന്തിക്കുമ്പോൾ ആരാണ് നമ്മുടെ മനസിലേക്ക് വരുന്നത്? നോഹ – ദൈവകരുണയാൽ മനുഷ്യവർഗത്തെ മുഴുവൻ നാശത്തിൽനിന്നു രക്ഷിച്ച മനുഷ്യൻ.

ക്രിസ്തീയ കാലഘട്ടം മുഴുവനും ആളുകളെ ത്രസിപ്പിക്കുന്നതാണ് നോഹയുടെ സംഭവവും അതു പഠിപ്പിക്കുന്ന പാഠവും – അതായത്, മററുള്ളവരെല്ലാം നശിച്ചാലും, ദൈവത്തെ വിശ്വസ്തമായി അനുസരിക്കുന്നവർ രക്ഷിക്കപ്പെടും. ഭൂഗർഭശവക്കല്ലറയുടെ ചുമരുകളിലെ ചിത്രീകരണങ്ങൾ തെളിയിക്കുന്നത്, അവിടെയാണ് ഒന്നാം നൂറ്റാണ്ടിലെ ആദ്യവിശ്വാസികൾ തങ്ങളുടെ പുനരുത്ഥാന പ്രത്യാശ നിമിത്തം റോമിൽ വെച്ച് മരിച്ച് അടക്കപ്പെട്ടത് എന്നത്രെ. അവിടെയുള്ള രണ്ട് ചിത്രങ്ങൾ, ആവർത്തിച്ചാവർത്തിച്ച് വരച്ചിരിക്കയാണ്:യോനാ, ആഴക്കടലിലെ തിമിംഗലത്തിൽനിന്നു രക്ഷപെട്ടതും, നോഹാ, കുടുംബത്തോടെപ്പം ജലപ്രളയത്തിൽനിന്നും രക്ഷപെട്ടതും. നോഹയുടെ സംഭവത്തിൽനിന്നു, നമുക്കും, പ്രചോദനവും, നിർദ്ദേശവും ലഭിക്കും. "മനുഷ്യവർഗത്തെ മുഴുവൻ രക്ഷിച്ച മനുഷ്യന്റെ"[1] സ്വഭാവത്തിൽനിന്ന്,അവൻ ചെയ്തതിന് അവനെ പ്രാപ്തനാക്കിയതെന്നും നമുക്ക് പരിശോധിക്കാം.

### അവൻ നീതിമാനായ മനുഷ്യൻ ആയിരുന്നു

ലോകം മുഴുവൻ അകൃത്യത്തിൽ മുങ്ങിക്കൊണ്ടിരുന്നപ്പോൾ, യാദൃശ്ചികമായിട്ടായിരുന്നു നോഹ പ്രത്യക്ഷനായത്:

> ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ട്, യഹോവ അനുതപിച്ചു. അത് അവന്റെ ഹൃദയത്തിന് ദുഃഖമായി. താൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽനിന്നു നശിപ്പിച്ചുകളയും... എന്നാൽ ഭൂമി ദൈവത്തിന്റെ മുമ്പാകെ വഷളായി; ഭൂമി അതിക്രമം കൊണ്ട് നിറഞ്ഞിരിക്കുന്നു. ദൈവം ഭൂമിയെ നോക്കി അത് വഷളായി എന്നു കണ്ടു. സകലജഡവും ഭൂമിയിൽ തന്റെ വഴി വഷളാക്കിയിരുന്നു (ഉൽപത്തി 6:5–12).

ആ സാഹചര്യത്തിന്റെ ഉറവിടത്തെ ബൈബിൾ കൈകാര്യം ചെയ്യുന്നു.

ആ കാലത്തെ ദുഷ്ടതയെ വിവരിച്ചുകൊണ്ട്, പറയുന്നത് പ്രത്യേകമായ പാപത്തെയല്ല എങ്കിലും, പൊതുവിൽ എല്ലായിടത്തുമുള്ള മനുഷ്യരുടെ *ഹൃദയങ്ങൾ* വിഷമയവും ദുഷ്ടതയുമുള്ളതാണെന്നാണ്. അവൻ ദൈവത്തോടു കൂടി നടക്കുവാൻ തുടങ്ങുമ്പോൾ, ആളുകൾ എത്രമാത്രം പാപത്തിൽ മുങ്ങിയിരുന്നു! മനുഷ്യന്റെ ഹൃദയത്തിൽ നല്ല വിചാരങ്ങളൊന്നുമില്ലായിരുന്നു; "മനുഷ്യന്റെ *ഹൃദയവിചാരങ്ങളുടെ നിരൂപണങ്ങൾ ഓരോന്നും* തുടർച്ചയായി ദോഷമുള്ളതായിരുന്നു" (വാ. 5; എംഫസിസ് മൈൻ). അവരുടെ വഷളത്വത്തിൽ എടുത്തു പറഞ്ഞിരുന്ന ഒന്നാണ് "അക്രമം," അത് ആത്മിയ അധപ്പതനത്തെയും ധാർമ്മിക ദോഷത്തെയും സൂചിപ്പിക്കുന്നു.

ഇന്ന് ദൈവം നമ്മെ നോക്കുമ്പോൾ, ദൈവം അതുപോലെ ദുഃഖിക്കുമോ എന്ന് ഞാൻ സംശയിക്കുന്നു. അക്രമം ഹൃദയ സാഹചര്യത്തെയാണ് വെളിപ്പെടുത്തുന്നതെങ്കിൽ, തീർച്ചയായും, പലരും ഇന്ന് ആ അപകീർത്തിക്ക് യോഗ്യമായ അവസ്ഥയിലായിരിക്കും. ഇന്ന് കാണപ്പെടുത്ത അക്രമങ്ങളുടെയെല്ലാം ഉറവിടം ഒന്നുമാത്രമാണ്. വിശ്വാസക്കുറവിൽനിന്ന് – ദൈവത്തെയും അവന്റെ വചനത്തെയും മറക്കുന്നതാണ് കാരണം. പുതിയനിയമ ക്രിസ്ത്യാനിത്വത്താൽ നാം ഒരു നവോത്ഥാനം വരുത്തിയില്ലെങ്കിൽ, ഭാവിയിൽ ന്യായവിധിയും, നാശവുമാണ് വരുവാനിരിക്കുന്നത്.

ദൈവം നോഹയുടെ കാലത്ത്, ജനത്തിന്റെ ദുഷ്ടത നോക്കിയപ്പോൾ, രേഖ പറയുന്നു, "താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ട്, യഹോവ അനുതപിച്ചു; അത് അവന്റെ ഹൃദയത്തിന് ദുഃഖമായി" (ഉൽപത്തി 6:6). തൽഫലമായി ദൈവം ലോകത്തെ നശിപ്പിക്കുമെന്ന് കൽപിച്ചു! "ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽനിന്നു നശിപ്പിച്ചുകളയും. മനുഷ്യനെയും ഇഴജാതിയേയും ആകാശത്തിലെ പക്ഷികളെയും തന്നേ; അവയെ ഉണ്ടാക്കുകകൊണ്ട് ഞാൻ അനുതപിക്കുന്നു എന്നു യഹോവ അരുളിച്ചെയ്തു" (ഉൽപത്തി 6:7).

ആ നാശപ്രഖ്യാപനം ആകസ്മികമായി ഉണ്ടായതല്ല, ദൈവത്തിന്റെ ന്യായവിധികൾ എപ്പോഴും വരുന്നത് തന്റെ കരുണ കാണിച്ചതിനും പരിശുദ്ധാത്മാവിന്റെ ആഹ്വാനത്തിനും ശേഷമായിരിക്കും. "മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലവും വാദിച്ചുകൊണ്ടിരിക്കുകയില്ല" (ഉൽപത്തി 6:3) എന്ന യഹോവയുടെ പ്രഖ്യാപനം, മനുഷ്യനോടുള്ള അവന്റെ ദീർഘക്ഷമ എത്രമാത്രമുണ്ടെന്ന് കാണിക്കുന്നതാണ്, അതേ സമയം അവന്റെ ദീർഘക്ഷമക്ക് *ഒരതിരുണ്ട്*. ദൈവം ക്ഷമയോടെയാണ് മനുഷ്യന്റെ പാപത്തെയും തരംതാഴലിനെയും നോക്കുന്നത്. അവൻ ആളുകളുടെ മാനസാന്തരത്തിനായി നോക്കിയിരുന്നു. പക്ഷെ മാനസാന്തരം വന്നില്ല! ആകയാൽ, തന്റെ നീതിയുള്ള ന്യായവിധി ഒഴിവാക്കുവാൻ അപേക്ഷയും മുന്നറിയിപ്പും കൊടുത്തു. ദൈവം ഇപ്പോഴും മാനസാന്തരപ്പെടുവാൻ ധാരാളം അവസരങ്ങൾ നൽകും, എന്നാൽ സമയാസമയങ്ങളിലായി നൽകുന്ന അവസരങ്ങളെ നാം നിഷേധിച്ചാൽ, പിന്നെ നമ്മോടുള്ള കരുണയുടെ വാതിൽ അവൻ അടെച്ചുകളയും!

സർവ്വലോകത്തും ദുഷ്ടത നിറഞ്ഞിട്ടും, ഒരാൾ ദൈവഭക്തിയുള്ള ദീവിതം നയിക്കുവാൻ ശ്രമിച്ചു! ജീവനുള്ളവയെ എല്ലാം നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചശേഷം നാം വായിക്കുന്നു, "എന്നാൽ നോഹക്ക് യഹോവയുടെ കൃപ ലഭിച്ചു" (ഉൽപത്തി 6:8). "നോഹക്ക് ദൈവത്തിന്റെ കൃപ ലഭി*ച്ചില്ലാ*യിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? നീതിമാനായ ഒരാൾ പോലും *ഉണ്ടായിരുന്നില്ലെങ്കിലോ*?" തീർച്ചയായും, ഭൂമിയിൽനിന്ന് എല്ലാ ജീവനേയും

എടുത്തുകളയുമായിരുന്നു, എങ്കിൽ ഇന്നു നാം കാണുന്ന മനുഷ്യവർഗം ഉണ്ടാകുമായിരുന്നില്ല!

എന്തുകൊണ്ടായിരുന്നു നോഹക്ക് ദൈവകൃപ ലഭിച്ചത്? വാക്യം 9 പറയുന്നു, "... നോഹ നീതിമാനും, തന്റെ തലമുറയിൽ നിഷ്ക്കളങ്കനുമായിരുന്നു; നോഹ ദൈവത്തോടുകൂടെ നടന്നിരുന്നു." ഓ, ഒരു നീതിയുള്ള ജീവിതത്തിന്റെ ശക്തി! നോഹ ദൈവത്തോടുകൂടി നടന്നതിനാൽ, അവനും അവന്റെ കുടുംബവും രക്ഷപ്പെട്ടു. അവർ മുഖേന മനുഷ്യവർഗം മുഴുവനും രക്ഷപ്പെട്ടു! അതുകൊണ്ടാണ് നോഹയെ "മനുഷ്യവർഗത്തെ രക്ഷിച്ച മനുഷ്യൻ" എന്ന് അറിയപ്പെടുന്നത്.

വിശ്വാസപരിത്യാഗികളുടെ ഇടയിൽ, ദൈവപുരുഷനായ ഒരു നായകനായിരുന്നു നോഹ. യാഗപീഠങ്ങൾ ഒന്നൊന്നായി തകർന്നടിയുമ്പോഴും, നോഹയുടെ ഉള്ളിൽ തീയാളിക്കൊണ്ടിരുന്നു, ജലപ്രളയം വന്നപ്പോഴായിരുന്നു അത് അണഞ്ഞത്. ഒറ്റക്ക് നിൽക്കുന്നതിന് ധൈര്യം വേണം. കുറച്ചുപേർ അവനെ പിൻപറ്റുവാൻ ധൈര്യപ്പെട്ടപ്പോൾ, നോഹ ധൈര്യത്തോടെ അവരെ നയിച്ചു.

ശരിയായ ജീവിതം നയിക്കുവാൻ ഇപ്പോഴും *ധൈര്യം* ആവശ്യമാണ്. ഒരുപക്ഷെ ഇപ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ക്രിസ്ത്യാനികൾ മുൻപ് നേരിട്ടിരിക്കയില്ല. നിലവാരങ്ങൾ ഒന്നൊന്നായി തകർന്നടിഞ്ഞുകൊണ്ടിരിക്കുന്നു, അനേകർക്ക് ഒന്നും തെറ്റല്ലാത്തവിധത്തിൽ, തത്വങ്ങളെല്ലാം നശിച്ചുകൊണ്ടിരിക്കുന്നു. തീരുമാനങ്ങൾ എടുക്കുമ്പോൾ ചിന്ത ഒന്നുമാത്രം, "അത് ലാഭകരമാണോ?" ഒരു അപ്പൻ മകനോട് പറയുന്നു, "പോയി *പണം ഉണ്ടാക്കുക,* കഴിയുമെങ്കിൽ സത്യസന്ധമായി." നീതി അടിസ്ഥാനതത്വത്തിൽനിന്നും മനുഷ്യനെ അകറ്റുകയാണ് നശ്വരമായ ഈ ലോകം! സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്നവർ പലപ്പോഴും ഒറ്റക്കാവുന്നതിനാൽ, നിലനിൽക്കണമെങ്കിൽ *ധൈര്യവും, ദൃഢവിശ്വാസവും* ആർജിച്ചെടുക്കണം! നോഹ തന്റെ കാലത്ത് ദുഷ്ടതക്ക് എതിരെ ഭക്തിയോടെ ജീവിക്കുവാൻ തനിക്കും കുടുംബത്തിനും വിഷമിക്കേണ്ടിവന്നുകാണും.

### അവൻ അനുസരണയുള്ള മനുഷ്യനായിരുന്നു

വരുവാനിരുന്ന ജലപ്രളയത്തിൽനിന്നു തനിക്കും രക്ഷപ്പെടുവാൻ താൽപര്യമുള്ള മറ്റുള്ളവർക്കും കയറുവാനായി ഒരു പെട്ടകം ഉണ്ടാക്കുവാൻ ദൈവം നോഹയോട് കൽപിച്ചു. ദൈവം പറഞ്ഞു,

> സകലജഡത്തിന്റേയും അവസാനം എന്റെ മുമ്പിൽ വന്നിരിക്കുന്നു. ഭൂമി അവരാൽ അതിക്രമം കൊണ്ട് നിറഞ്ഞിരിക്കുന്നു; ഞാൻ അവരെ ഭൂമിയോടുകൂടെ നശിപ്പിക്കും; നീ ഗോഫർമരംകൊണ്ട് ഒരു പെട്ടകം ഉണ്ടാക്കുക; ... (ഉൽപത്തി 6:13, 14).

ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിശ്വാസികളായിരുന്ന മഹാന്മാരുടെ പട്ടികയിൽ ഉടനെ അനുസരിച്ച നോഹയുടെ പേരും കാണാം. വർഷങ്ങൾ കഴിഞ്ഞിട്ടും, മറന്നിട്ടില്ല, കാരണം പ്രസിദ്ധരായ വിശ്വാസികളുടെ ലിസ്റ്റിൽ - നോഹയുടെ പേരും ഉൾപ്പെടുത്തി-എബ്രായർ 11 ലെ നായകന്മാരിൽ - നോഹയുമുണ്ട്:

> വിശ്വാസത്താൽ നോഹ, അതുവരെ കാണാത്തവയെ കുറിച്ച് അരുളപ്പാടുണ്ടായിട്ട്, ഭയഭക്തിപൂണ്ട് തന്റെ കുടുംബത്തിന്റെ രക്ഷക്കായിട്ട് ഒരു പെട്ടകം തീർത്തു. അതിനാൽ അവൻ ലോകത്തെ കുറ്റം വിധിച്ചു വിശ്വാസത്താലുള്ള നീതിക്ക് അവകാശിയായി തീർന്നു (വാ. 7).

ഉടനെ അനുസരിച്ച നോഹയെ കുറിച്ചുള്ള സാക്ഷ്യത്തിൽ, നമുക്ക് അത്ഭുതകരമായ പല പാഠങ്ങളും പഠിക്കുവാൻ കഴിയും. ആദ്യമായി, ദൈവം ചെയ്യുവാൻ പറഞ്ഞതാണ് നോഹ "വിശ്വാസത്താൽ" ചെയ്തത്. ദൈവം വിവരിച്ചതുപോലെയുള്ള ഒരു ജലപ്രളയം അവൻ കണ്ടിരുന്നില്ല. കൂടാതെ ദൈവം അവനോട് ചെയ്യുവാൻ പറഞ്ഞ പ്രവൃത്തി അസാമാന്യമായ ഒന്നായിരുന്നു. എങ്കിലും, ദൈവം പറഞ്ഞതിൽ അവൻ വിശ്വസിച്ചു. അന്നു നോഹക്കുണ്ടായിരുന്ന *വിശ്വാസമാണ്* ഇന്ന് ലോകത്തിന് ആവശ്യം. നാം കാഴ്ച്ചയാലല്ല, *വിശ്വാസത്താലാണ്* നടക്കേണ്ടത്. ഞാൻ ദൈവത്തെയോ, ക്രിസ്തുവിനെയോ, പരിശുദ്ധാത്മാവിനെയോ, സ്വർഗത്തെയോ നരകത്തെയോ കണ്ടിട്ടില്ല, എങ്കിലും അവ ഉണ്ടെന്നു *വിശ്വാസത്താൽ* അറിയുന്നു. ക്രിസ്തുവിന്റെ രണ്ടാം വരവോ, അപ്പോൾ നടക്കുവാൻ പോകുന്ന നാശമോ നാം ആരും കണ്ടിട്ടില്ല; എന്നാൽ നോഹ രക്ഷിക്കപ്പെട്ടതുപോലെ നാം രക്ഷിക്കപ്പെടണമെങ്കിൽ, നോഹ "*വിശ്വാസത്താൽ*" സ്വീകരിച്ചതുപോലെ – നാമും സ്വീകരിക്കണം.

എബ്രായർ 11:7 പറയുന്നു, "*വിശ്വാസത്താൽ* നോഹ ... *ഒരു പെട്ടകം തീർത്തു.*" (എംഫസിസ് മൈൻ.) വിശ്വാസത്താൽ, നോഹ അനുസരിച്ചു. നോഹ അനുസരണത്താൽ തന്റെ വിശ്വാസത്തെ *പ്രദർശിപ്പിച്ചു*. "ദൈവം ജലപ്രളയം വരുന്നു എന്നു പറയുന്നു, ഞാൻ അതു വിശ്വസിക്കുന്നു" എന്നു നോഹ പറയുകയും പെട്ടകം ഉണ്ടാക്കുവാൻ കൂട്ടാക്കാതെയുമിരുന്നാൽ എന്തു സംഭവിക്കുമായിരുന്നു? മറ്റെല്ലാവരെയും പോലെ നോഹയും മുങ്ങി പോകുമായിരുന്നു. സ്നേഹിതരേ, ദൈവസന്നിധിയിൽ സ്വീകാര്യമായ ഏക വിശ്വാസം എന്നു പറയുന്നത്, ദൈവം ചെയ്യുവാൻ പറയുന്നത് അങ്ങനെതന്നെ ചെയ്യലാണ് – പൗലൊസ് പറഞ്ഞത് അത്തരം വിശ്വാസത്തെ കുറിച്ചാണ് – "സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസം" (ഗലാത്യർ 5:6). യാക്കൊബ് പറഞ്ഞു,

> അങ്ങനെ വിശ്വാസവും പ്രവർത്തികൾ ഇല്ലാതായാൽ സ്വതവെ നിർജ്ജീവമാകുന്നു, ... അങ്ങനെ മനുഷ്യൻ വെറും വിശ്വാസത്താലല്ല, പ്രവർത്തിയാൽ തന്നെ നീതീകരിക്കപ്പെടുന്നു എന്നു നിങ്ങൾ കാണുന്നു ... ആത്മാവില്ലാത്ത ശരീരം നിർജീവമാകുന്നതുപോലെ, പ്രവർത്തികളില്ലാത്ത വിശ്വാസവും നിർജീവിമാകുന്നു (യാക്കൊബ് 2:17–26).

അതിനു പുറമെ, ദൈവം നോഹയോട് കൽപിച്ചത് *അങ്ങനെതന്നെ* ചെയ്തു. പെട്ടകത്തെ എങ്ങനെ മോടിപിടിപ്പിക്കാമെന്ന നിർദ്ദേശം അവൻ ദൈവത്തതിന് നൽകിയില്ല. ലോകത്തെ രക്ഷിക്കുവാൻ മറ്റൊരു നല്ല വഴിയും അവൻ ദൈവത്തോട് പറഞ്ഞില്ല. പകരം ഏറ്റവും നന്നായി ദൈവത്തിന് അറിയാമെന്ന് മനസിലാക്കി, അവൻ ദൈവം പറഞ്ഞത് അങ്ങനെ തന്നെ ചെയ്തു. "നോഹ അങ്ങനെ ചെയ്തു ..." എന്നു തിരുവെഴുത്തിൽ രണ്ട് പ്രാവശ്യം പറഞ്ഞിരിക്കുന്നു (ഉൽപത്തി 6:22; 7:5). ആ പാഠം നമുക്ക് ഇന്ന് ആവശ്യമാണ്. ദൈവത്തിന്റെ സഭയെ, ദൈവത്തിന്റെ രക്ഷാപദ്ധതിയെ, ദൈവത്തിന്റെ

ആരാധനാരീതിയെയെല്ലാം മനുഷ്യർ "മോടിപിടിപ്പിച്ചിരിക്കയാണ്". *ദൈവം* പറഞ്ഞിരിക്കുന്നതിൽ വിശ്വാസമില്ലായ്മയും, പൊതുവിൽ ഉണ്ടായിരിക്കുന്ന തെറ്റിദ്ധാരണയും ഭിന്നതയുമാണ് കാരണം. ദൈവം അതിൽ സന്തോഷിക്കുന്നില്ല! തന്റെ ആശയം കൂട്ടിച്ചേർക്കാതെ ദൈവം പറഞ്ഞത് അങ്ങനെതന്നെ *ചെയ്തതു*കൊണ്ടാണ് നോഹ രക്ഷിക്കപ്പെട്ടത് – അങ്ങനെ മാത്രമെ നിങ്ങളും ഞാനും രക്ഷിക്കപ്പെടുകയുള്ളു.

## അവൻ ധൈര്യമുള്ള മനുഷ്യനായിരുന്നു

നോഹ തീർച്ചയായും പരിഹാസം നേരിട്ടിരുന്നു. നോഹ വലിയ പെട്ടകം ഉണ്ടാക്കിക്കൊണ്ടിരുന്നപ്പോൾ, ആളുകൾ നോക്കി പരിഹസിച്ചു ചിരിച്ചത് എനിക്കു ഊഹിക്കുവാൻ കഴിയും: "വൃദ്ധനായ നോഹക്ക് ബുദ്ധിഭ്രമം സംഭവിച്ചിരിക്കുന്നു! അവൻ പറയുന്നത് മഴ വരുന്നു എന്നാണ്. 'ജലപ്രളയമാണ്' വരുന്നതെന്നാണ് നോഹ പറയുന്നത്. അത്തരം സംഭവങ്ങൾ ആരാണ് കേട്ടിട്ടുള്ളത്? ആ പ്രളയം ഭൂമിയെ നശിപ്പിക്കുമെന്നാണ് അവൻ പറയുന്നത്! ദൈവം ഭൂമിയെ എപ്പോഴെങ്കിലും നശിപ്പിച്ചിട്ടുണ്ടോ? ഇല്ല." അങ്ങനെ പറഞ്ഞു അവർ നിഷേധരൂപത്തിൽ തലയാട്ടി പോയിക്കാണും. ഏദെൻ തോട്ടത്തിലെ ഇലകൾ ഒരിക്കലും മഞ്ഞുകൊണ്ട് നനഞ്ഞിരുന്നില്ല എന്നാണ് ചില ആളുകൾ വിശ്വസിക്കുന്നത്. അതെ, നോഹ പരിഹാസം നേരിട്ടിരുന്നു.

നൂറ്റാണ്ടുകൾക്കുശേഷം പത്രൊസ്, അത്തരം സംശയങ്ങളേയും പരിഹാസങ്ങളെയും കുറിച്ചു പറഞ്ഞു. ദൈവദിവസത്തിന്റെ വരവിനെ കുറിച്ച് ആളുകൾ അങ്ങനെ പറയുമെന്ന് അവൻ പറഞ്ഞു. "അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? പിതാക്കന്മാർ നിദ്രകൊണ്ടശേഷം, സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നെ ഇരിക്കുന്നു" എന്ന് പത്രൊസ് പറഞ്ഞു (2 പത്രൊസ് 3:4). പുരാതനകാലത്തുള്ളവർ ഭൂമി മുൻപ് വെള്ളത്താൽ നശിക്കാതിരുന്നതിനാൽ വിശ്വസിച്ചില്ല, അതുപോലെ അവിശ്വാസികൾ പിന്നീട് ഭൂമി ഒരിക്കലും തീയാൽ നശിപ്പിക്കാതിരുന്നതിനാൽ നശിക്കുകയില്ല എന്നു പറയും. അവർ ചില കാര്യം മറക്കുന്നു എന്നാണ് പത്രൊസ് പറഞ്ഞത്!

> ആകാശവും വെള്ളത്തിൽനിന്നും വെള്ളത്താലും ഉളവായി ഭൂമിയും പണ്ട് ദൈവത്തിന്റെ വചനത്താൽ ഉണ്ടായി എന്നും അതിനാൽ അന്നുള്ള ലോകം ജലപ്രളയത്താൽ മൂങ്ങി നശിച്ചു എന്നും ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും, ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്ക് കാത്തുമിരിക്കുന്നു എന്നും അവർ മനസോടെ മറന്നുകളയുന്നു (2 പത്രൊസ് 3:5–7).

നോഹ പെട്ടകമുണ്ടാക്കിക്കൊണ്ടിരുന്നപ്പോൾ ആളുകൾ കളിയാക്കി ചിരിച്ചതുപോലെ അന്ത്യകാലത്തും ആളുകൾ ചിരിക്കുമെന്ന് ക്രിസ്തു മുന്നറിയിച്ചിരുന്നു:

> നോഹയുടെ കാലം പോലെ മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളയത്തിന് മുമ്പുള്ള കാലത്ത് നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന് കൊടുത്തും

> പോന്നു. ജലപ്രളയം വന്നു എല്ലാവരേയും നീക്കി കളയുവോളം അവർ അറിഞ്ഞതുമില്ല. മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നെയാകും (മത്തായി 24:37-39).

ആളുകളുടെ പരിഹാസച്ചിരിയെ സഹിക്കുവാനുള്ള ധൈര്യം നോഹക്ക് ഉണ്ടായിരുന്നു. ഇന്ന് ദൈവപദ്ധതിയനുസരിച്ച് രക്ഷിക്കപ്പെടുവാനും ദൈവപദ്ധതിയനുസരിച്ചു ജീവിക്കുവാനും തുടങ്ങുന്നവർ പരിഹാസം സഹിക്കേണ്ടിവരും. *എങ്ങനെയായാലും, ഇതു ശ്രദ്ധിക്കുക: നോഹ പെട്ടകം ഉണ്ടാക്കിയപ്പോൾ പലരും അവനെ നോക്കി ചിരിച്ചു, എന്നാൽ ജലപ്രളയം വന്നു, ഭൂമി വെള്ളത്താൽ മൂടപ്പെട്ടപ്പോൾ ആരും അവനെ നോക്കി ചിരിച്ചില്ല!* കളിയാക്കി ചിരിക്കുന്നവർക്കുള്ള എത്ര വലിയ മുന്നറിയിപ്പാണ്, "മരണത്തിലേക്കുള്ള ചിരി"! പത്രൊസ് ഈ ചിന്തനീയമായ സത്യം നൽകി:

> പുരാതന ലോകത്തെയും ദൈവം ആദരിക്കാതെ ഭക്തികെട്ടവരുടെ ലോകത്തിൽ ലോകത്തിൽ ജലപ്രളയം വരുത്തിയപ്പോൾ, നീതിപ്രസംഗിയായ നോഹയെ ഏഴുപേരോടുകൂടെ പാലിക്കയും ... പിന്നെ മേലാൽ ഭക്തികെട്ടു നടക്കുന്നവർക്ക് ദൃഷ്ടാന്തമാക്കി വെക്കുകയും ചെയ്തു ... കർത്താവ് ഭക്തന്മാരെ പരീക്ഷയിൽനിന്നു വിടുവിപ്പാനും നീതികെട്ടവരെ, വിശേഷാൽ മലിനമോഹം കൊണ്ട് ജഡത്തെ അനുസരിച്ചു നടക്കയും ചെയ്തവരെ ന്യായവിധിദിവസത്തെ ദണ്ഡനത്തിനായി കാപ്പാനും അറിയുന്നുവല്ലോ (2 പത്രൊസ് 2:4-9).

## അവൻ മനസലിവുള്ള മനുഷ്യനായിരുന്നു

ആളുകൾ നഷ്ടപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. അവർ ദൈവത്തിലേക്ക് തിരിഞ്ഞാൽ മാത്രം അവർക്ക് രക്ഷപ്പെടുവാൻ കഴിയും. ആളുകളെ ദൈവം തന്നിലേക്ക് ആകർഷിക്കുന്ന ഒരു വഴി നോഹയുടെ ദൃഷ്ടാന്തത്തിൽ കൂടെയാണ്. നോഹ ഒരു "നീതിപ്രസംഗി" ആയിരുന്നു എന്നാണ് 2 പത്രൊസ് 2:5 പറയുന്നത്.

ചുരുങ്ങിയത് രണ്ട് വിധത്തിൽ നോഹ പ്രസംഗിച്ചിരിക്കണം: തന്റെ ജീവിതത്തിൽകൂടെയും, തന്റെ പ്രവൃത്തികളിൽകൂടെയും! അവൻ പെട്ടകം ഉണ്ടാക്കിക്കൊണ്ടിരുന്നപ്പോൾ, ആശാരി ചെയ്യുന്ന പ്രവർത്തിയേക്കാൾ വലിയ പ്രവർത്തിയാണ് ചെയ്തത്. തന്റെ കപ്പൽപണിപ്പുര അവന്റെ പ്രസംഗപീഠവും, ചുറ്റികയുടെ വളയം അവന്റെ ശബ്ദവുമായിരുന്നു. അവൻ ദിവസംതോറും, ആഴ്ച്ചകൾ തോറും, മാസം തോറും, വർഷം തോറും പണിതുകൊണ്ടിരുന്നു. അവൻ തന്റെ ചുറ്റിക ഓങ്ങുമ്പോഴും, കൊട്ടുവടി ഉപയോഗിക്കുമ്പോഴും സഹമനുഷ്യർക്ക് അവൻ ഓരോ പാഠം നൽകിയിരിക്കും; കാരണം അവന്റെ പ്രവൃത്തികൾ ഓരോന്നും ദൈവത്തിലും അവന്റെ ശക്തിയിലുമുള്ള വിശ്വാസമാണ് പ്രകടമാക്കിയത്, ദൈവം അവനോട് പെട്ടകമുണ്ടാക്കുവാൻ പറഞ്ഞതിന്റെ പ്രാധാന്യം അവൻ ഊന്നി പറഞ്ഞിരിക്കും. തന്റെ ആത്മാവ് മാത്രം രക്ഷിക്കപ്പെട്ടാൽ പോരാ, മറ്റുള്ളവരുടെ ആത്മാക്കളും രക്ഷിക്കപ്പെടണം എന്ന ചിന്ത അവനിലുണ്ടായിരുന്നു. അതുകൊണ്ട് അവൻ തുടരെ തുടരെ ആളുകളോട് മാനസാന്തരപ്പെടുവാൻ പറഞ്ഞു കാണും.

നമുക്ക് ഇന്നു അതുപോലെയുള്ള "നീതിപ്രസംഗികൾ" വേണം! ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്ന പലർക്കും അവരുടെ സ്വന്ത ആത്മാക്കളെ കുറിച്ചോ മറ്റുള്ളവരുടെ ആത്മാക്കളെ കുറിച്ചോ വേണ്ടത്ര കരുതൽ ഇല്ലാത്തവരാണ്. നീതി പ്രസംഗികളാകുവാൻ അവരുടെ വാക്കുകളിലോ ജീവിതങ്ങളിലോ ദൈവത്തെ കാണുന്നില്ല. മറ്റുള്ള ആത്മാക്കളെ കുറിച്ചു കരുതലുണ്ടാകാതിരിക്കുവാൻ, അലക്ഷ്യമെന്ന തിരമാല സഭയെ അടിച്ചുകൊണ്ടിരിക്കുകയാണ്. ഹൃദയമില്ലാത്ത സഭ പ്രത്യാശയില്ലാത്ത ലോകത്തിനു സമാനമാണ്! നാം ആത്മാക്കളെ കുറിച്ചു വാസ്തവത്തിൽ എരിവുള്ളവരാണെങ്കിൽ, നോഹയെ പോലെ നാം നീതിപ്രസംഗികളാകും.

എബ്രായർ 11:7 പറയുന്നത്, നോഹ തന്റെ പ്രസംഗത്താൽ, "ലോകത്തെ കുറ്റം വിധിച്ചു" എന്നാണ്. അത് എങ്ങനെ സംഭവിച്ചു? *ലോകം അത് തള്ളിക്കളഞ്ഞു!* അതേ സുവിശേഷം ഇന്നു പ്രസംഗിക്കയും ആളുകൾ തള്ളിക്കളയുകയും ചെയ്യുമ്പോൾ ലോകത്തെ കുറ്റം വിധിക്കുകയാണെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ക്രിസ്തു പറഞ്ഞു,

> തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്, ദൈവം അവനെ നൽകുവാന്തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ. അവനിൽ വിശ്വാസിക്കുന്നവന്നു ന്യായവിധി ഇല്ല. വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു (യോഹന്നാൻ 3:16–18).

ദൈവം ഒരു കൽപന നൽകുമ്പോൾ, അതിൽ രണ്ട് തരത്തിലുള്ള വാഗ്ദാനങ്ങൾ ഉൾപ്പെട്ടിരിക്കും – അനുസരിച്ചാലുള്ള അനുഗ്രഹവും, അനുസരിക്കാതിരുന്നാലുള്ള കുറ്റംവിധിക്കലും. നാം ഇന്നു സത്യം പ്രസംഗിക്കുമ്പോൾ, അനുസരിക്കുന്നവർ അനുഗ്രഹിക്കപ്പെടുകയും, അനുസരിക്കാതിരിക്കുന്നവർ കുറ്റം വിധിക്കപ്പെടുകയും ചെയ്യുന്നു. ഒരു സുവിശേഷ പ്രാസംഗികൻ നിങ്ങളോട് വിശ്വസിക്കുവാനും, മാനസാന്തരപ്പെടുവാനും, ഏറ്റുപറയുവാനും, സ്നാനമേൽക്കുവാനും പറയുമ്പോൾ, നിങ്ങൾ അത് ഭാഗികമായോ, അല്ലെങ്കിൽ പൂർണ്ണമായോ തള്ളിക്കളയുകയാണെങ്കിൽ, നിങ്ങൾ നിങ്ങളെത്തന്നെ കുറ്റം വിധിക്കുകയാണ്! ആ രീതിയിലാണ് നോഹ ലോകത്തെ കുറ്റം വിധിച്ചത്, കാരണം അവന്റെ സന്ദേശം ആളുകൾ തള്ളിക്കളഞ്ഞു.

ഒരർത്ഥത്തിൽ, നോഹ വിജയകരമായ പ്രാസംഗികൻ ആയിരുന്നില്ല. തനിക്കു പുറമെ ഏഴുപേരെ കൂടെ രക്ഷിക്കുവാനേ അവനു കഴിഞ്ഞുള്ളു – ആകെ *എട്ടുപേർ* മാത്രം! വെള്ളത്തിൽനിന്നു പുറത്തുവന്നത് എട്ടുപേർ മാത്രം (1 പത്രൊസ് 3:20). എട്ടുപേർ ചെറിയ കൂട്ടമാണ്. *ലോകത്തിലുണ്ടായിരുന്ന മൊത്തം ആളുകളിൽ എട്ടുപേരെ കുറിച്ച് ചിന്തിക്കുക.* ദൈവകൃപയാൽ പുനരുൽപാദനത്തിനും ഭൂമിയിൽ എല്ലാം പുതുതായി ആരംഭിക്കുവാനും ആ എട്ടുപേർ മതിയായിരുന്നു. വിശ്വസ്തമായ പ്രസംഗത്തിന് എപ്പോഴും ഫലമുണ്ടാകും; ദൈവത്തിന്റെ നിലവാരമനുസരിച്ച് കുറച്ചുപേർ രക്ഷിക്കപ്പെടുന്നത് വിജയമാണ്.

### അവൻ നന്ദിയുള്ള മനുഷ്യനായിരുന്നു

അവസാനം സമയം വന്നു. പെട്ടകം പണി പൂർത്തിയായപ്പോൾ, നോഹയും കുടുംബവും പെട്ടകവാതിലിൽകൂടെ അകത്തുകടക്കുകയും, "യഹോവ വാതിൽ അടക്കുകയും ചെയ്തു" (ഉൽപത്തി 7:16).

ദൈവം ദീർഘക്ഷമയോടെ കാത്തിരുന്നു. മാനസാന്തരം വന്നില്ല. നീതിയോടെ ന്യായം വിധിക്കുവാനുള്ള സമയമായി! നാം വായിക്കുന്നു, "... ആഴിയുടെ ഉറവുകൾ ഒക്കെയും പിളർന്നു, ആകാശത്തിന്റെ കിളിവാതിലുകളും തുറന്നു. നാൽപതു രാവും നാൽപതു പകലും ഭൂമിയിൽ മഴ പെയ്തു" (ഉൽപത്തി 7:11, 12).

ജലപ്രളയ കെടുതിയാൽ മനുഷ്യകുടുംബങ്ങൾ നഷ്ടമാകുന്നതിനെ കുറിച്ച് ലോകത്ത് മിക്ക രാജ്യങ്ങളിലും പാരമ്പര്യമായ പല വിശ്വാസങ്ങൾ നിലവിലുണ്ട്. ജലപ്രളയം എന്ന വിപത്തല്ലാതെ, മറ്റൊരു വലിയ ശക്തിയോ, ഭീതിജനകമായ മറ്റൊന്നോ തന്റെ ന്യായവിധിയുടെ ഉപകരണമായി ദൈവം ഉപയോഗിച്ചില്ല. ആ മഹാവിപത്ത് മനസിലാക്കുവാൻ 1888 ൽ പെൻസിൽവാനിയയിലെ പിറ്റ്സ്ബർഗിലുണ്ടായ പ്രളയക്കെടുതിയാണ് എന്റെ മനസിലേക്ക് വരുന്നത്, ആ നീർച്ചുഴിയിലും ഇരച്ചുകയറിയ വെള്ളത്തിലും അകപ്പെട്ട് പതിനായിരക്കണക്കിന് ആളുകൾ മരിച്ചുപോയി. അതിലും എത്രയോ മടങ്ങു ഭീകരമായിരുന്നു നോഹയുടെ കാലത്തുണ്ടായ വിപത്ത്. മനുഷ്യരും മൃഗങ്ങളും ദാരുണമായി മുങ്ങി മരിക്കുന്നതിനെ കുറിച്ച് ചിത്രകാരന്മാർ വരച്ച് കാണിച്ചിട്ടുണ്ട്. കവികളും പ്രാസംഗികരും നാടകീയമായ വാക്കുകളാൽ രചന നടത്തുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രളയം വളരെ വലുതും വിസ്തൃതവുമായിരുന്നതിനാൽ വാക്കുകളാൽ വിവരിക്കുക പ്രയാസമാണ്. ബൈബിളിലുള്ള വിവരണം മാത്രം നമുക്ക് മതിയാകും:

> വെള്ളം ഭൂമിയിൽ അത്യധികം പൊങ്ങി. ആകാശത്തിൻകീഴെങ്ങുമുള്ള ഉയർന്ന പർവ്വതങ്ങളൊക്കെയും മൂടിപ്പോയി. പർവ്വതങ്ങൾ മൂടുവാൻതക്കവണ്ണം വെള്ളം പതിനഞ്ചുമുഴം അവെക്കു മീതെ പൊങ്ങി. പറവകളും കന്നുകാലികളും കാട്ടുമൃഗങ്ങളും നിലത്ത് ഇഴയുന്ന എല്ലാ ഇഴജാതിയുമായി ഭൂചരജന്തുമൊക്കെയും സകല മനുഷ്യരും ചത്തുപോയി. കരയിലുള്ള സകലത്തിലും, മൂക്കിൽ ജീവശ്വാസമുള്ളതൊക്കെയും ചത്തു (ഉൽപത്തി 7:19-22).

മരണം! മരണം! മരണം! പ്രളയത്തിന്റെ ഫലമായി സാർവ്വലൗകികമരണം സംഭവിച്ചു. നോഹയും കുടുംബവും മാത്രം ജീവനോടെ ശേഷിച്ചു. എന്തുകൊണ്ട്? കാരണം നോഹ ദൈവം പറഞ്ഞതു അങ്ങനെ തന്നെ ചെയ്തു.

അവസാനം ജലപ്രളയം തീർന്നു. ലോകത്തിന് എന്തു സംഭവിച്ചു എന്നറിയുവാൻ നോഹക്ക് ആകാംക്ഷയായിരുന്നു, അവൻ ഒരു മലങ്കാക്കയെ പുറത്തേക്ക് അയച്ചു. ആ അശുദ്ധപക്ഷി മാംസം തിന്നുന്ന ജീവിയായിരുന്നതിനാൽ മടങ്ങി വന്നില്ല. "പിന്നെ നോഹ ഒരു പ്രാവിനെ അയച്ചു, അതിനു ഭൂമിയിലെങ്ങും കാൽ വെപ്പാൻ സ്ഥലം കാണാതെ അത് പെട്ടകത്തിലേക്ക് മടങ്ങിവന്നു ..." (ഉൽപത്തി 8:9). നോഹ രണ്ടാമത് പ്രാവിനെ അയച്ചപ്പോൾ, അത് വായിൽ ഒരു ഒലിവ് ഇലയുമായാണ് മടങ്ങിവന്നത്. അങ്ങനെ ജലപ്രളയം തീർന്നുവെന്നും വെള്ളം കുറഞ്ഞുവരുന്നു എന്നും നോഹ മനസിലാ

ക്കി. അതിൽനിന്നു നോഹ സ്ഥിരതയും ക്ഷമയുമുള്ളവനായിരുന്നു എന്നു കാണാം. ആദ്യം പ്രാവ് തിരിച്ചുവന്നതോടുകൂടി അവന്റെ ശ്രമം അവൻ നിർത്തിയില്ല. അവൻ ആഗ്രഹിച്ച ഉത്തരം ദൈവത്തിൽനിന്നു ലഭിക്കുന്നതുവരെ അവൻ പക്ഷിയെ അയച്ചുകൊണ്ടിരുന്നു. നമ്മിൽ അധികം പേരും പെട്ടെന്ന് നിരുൽസാഹപ്പെടും. ബൈബിൾ വായിച്ച് മനസിലാക്കി, വ്യക്തിപരമായ പ്രവർത്തനവും നടത്തി, ക്രിസ്തീയ ജീവിതം നയിക്കുമ്പോൾ, കുറെയൊക്കെ നാം പരിശ്രമിക്കും. പിന്നെ നാം പെട്ടെന്ന് നിർത്തിക്കളയും. സ്ഥിരതയുള്ള നോഹയെപോലെ ആകണം നാം ഓരോരുത്തരും!

പ്രളയജലം കുറഞ്ഞപ്പോൾ, ലോകം പുതുതായി ആരംഭിച്ചു. നോഹ ആരംഭം കുറിച്ചതിനേക്കാൾ ശ്രേഷ്ഠമായ ഒരു വഴി എനിക്ക് ചിന്തിക്കുവാൻ പോലും സാധ്യമല്ല: "നോഹ യഹോവക്ക് ഒരു യാഗപീഠം പണിതു ... യാഗപീഠത്തിന്മേൽ ഹോമയാഗം അർപ്പിച്ചു" (ഉൽപത്തി 8:20). ആ യാഗം ദൈവം സ്വീകരിക്കയും മനുഷ്യകുടുംബങ്ങൾക്ക് മുൻപോട്ട് ഗമിക്കുവാനായി വിതെയും കൊയ്ത്തും തുടരാമെന്നും, ഇനി ഭൂമിയെ ആ രീതിയിൽ നശിപ്പിക്കുകയില്ലെന്നും ദൈവം വാഗ്ദാനം ചെയ്തു. ദൈവം നോഹയോട്, "ഭൂമിയുള്ള കാലത്തോളം വിതയും, കൊയ്ത്തും, ശീതവും ഉഷ്ണവും, വേനലും, വർഷവും, രാവും പകലും നിന്നുപോകയില്ല" എന്നു പറഞ്ഞു (ഉൽപത്തി 8:22).

ഉടമ്പടിയുടെ അടയാളമായി ദൈവം ആകാശത്ത് മഴവില്ല് കൊടുത്തു. തീർച്ചയായും, പ്രകൃതിയിൽ മഴവില്ല് മനോഹരമായ കാഴ്ച്ച തന്നെയാണ്. ആകാശത്തെയും ഭൂമിയേയും സ്പർശിച്ച് വിലങ്ങനെയുള്ള കമാനം കണ്ട് വിസ്മയിക്കാത്തവർ കാണുകയില്ല. എങ്ങനെയായാലും, ഞാൻ ഇതു നിങ്ങളെ ഓർപ്പിക്കട്ടെ:മഴവില്ല് ജലപ്രളയത്തിനുശേഷമാണ് വന്നത്, കാറ്റിനും കോളിനും ശേഷമാണ് ഇപ്പോഴും മഴവില്ല് വരുന്നത്. മഴയും കോളും ഇല്ലാത്ത ദിവസങ്ങളിൽ മഴവില്ല് കാണുകയില്ല. അതുപോലെ, ദൈവകരുണ എന്ന മഴവില്ല് വ്യക്തമായി കാണുന്നത്, പ്രതികൂലസാഹചര്യങ്ങളിലും, ദുഃഖവേളകളിലും, പരീക്ഷണഘട്ടങ്ങളിലുമാണ്.

**ഉപസംഹാരം**

അപ്പോൾ, ഇതാണ് "മനുഷ്യവർഗത്തെ രക്ഷിച്ച മനുഷ്യന്റെ" സംഭവം. നോഹയുടെ ജീവിതത്തിൽ അവസാനം നാം ഒരു ആവരണം കാണുന്നു, ബലഹീനതയുടെ മേൽക്കുപ്പായം (ഉൽപത്തി 9:20–23). ആകയാൽ നമുക്ക്, "അവന്റെ ബലഹീനതയിലല്ല, നോഹയുടെ ശക്തിയിൽ അവനെ പോലെ ആകാം."

നോഹയിൽനിന്നു നമുക്ക് പല പാഠങ്ങളും പഠിക്കാം; പ്രത്യേകിച്ച്, ദൈവം അവനോട് ചെയ്യുവാൻ പറഞ്ഞത് *അനുസരിച്ചതു*കൊണ്ട് അവൻ രക്ഷിക്കപ്പെട്ടു. 1 പത്രൊസ് 3:20, 21 അനുസരിച്ച്, ഇന്ന് നമ്മുടെ രക്ഷയും നോഹയുടേതുപോലെയാണ്:

> ... ആ പെട്ടകത്തിൽ അൽപജനം എന്നുവെച്ചാൽ എട്ടുപേർ വെള്ളത്തിൽകൂടെ രക്ഷ പ്രാപിച്ചു. അതു സ്നാനത്തിന് ഒരു മുൻകുറി, സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്ക് കളയുന്നതായിട്ടല്ല, ദൈവത്തോടുള്ള നല്ല മനസാക്ഷിക്കായുള്ള – അപേക്ഷയായിട്ടത്രെ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു.

നോഹ പെട്ടകത്തിൽനിന്നിറങ്ങിയത് ശുദ്ധവും, നിർമ്മലവും ആയ പുതിയ ലോകത്തിലേക്ക് കാൽ വെച്ചുകൊണ്ടാണ്. അതുപോലെ നാമും, ക്രിസ്തുവിൽ വിശ്വസിച്ച്, നമ്മുടെ പാപങ്ങളിൽനിന്നു *മാനസാന്തരപ്പെട്ട്*, അവന്റെ നാമം *ഏറ്റുപറഞ്ഞു*, പാപമോചനത്തിനായി *സ്നാനത്തിൽ* അടക്കപ്പെട്ട് എഴുന്നേറ്റു വരുമ്പോൾ ദൈവകരത്താൽ ശുദ്ധീകരിച്ച് ജീവന്റെ പുതുക്കത്തിനാണ് വരുന്നത് എന്നുകൂടെ നമുക്ക് ഓർമ്മിക്കാം:

ഒരു സത്യം കൂടെ നമുക്ക് ഓർമ്മിക്കാം: ഒരുങ്ങാത്തവരായിരുന്നു നശിച്ചുപോയത്. വെള്ളം പൊങ്ങിത്തുടങ്ങിയപ്പോൾ, അവർ ഒരുങ്ങുവാൻ തുടങ്ങിക്കാണും എന്ന് തീർച്ചയാണ് – അപ്പോൾ പെട്ടകം പെട്ടെന്ന് പൊങ്ങുകയും വാതിൽ അടക്കുകയും ചെയ്തു. അതുപോലെ അനേകം ആളുകൾ ഇന്ന് സുവിശേഷം അനുസരിക്കുന്നത് നീട്ടിക്കൊണ്ടുപോകയാണ്. ഒരിക്കൽ അതിനുള്ള അവസരം ലഭിക്കാതെ വരും! പത്രൊസ് പറഞ്ഞു,

> ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇഛിച്ചു നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. കർത്താവിന്റെ ദിവസമോ കള്ളനെ പോലെ വരും, അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും (2 പത്രൊസ് 3:9, 10).

താമസിക്കരുത്. പരിഹസിക്കരുത്. കർത്താവിനെ അനുസരിക്കുവാൻ നിങ്ങളെത്തന്നെ ഏൽപിച്ചുകൊടുക്കുക.

**പഠിക്കേണ്ട പാഠം:**
**നിങ്ങൾക്കു ചുറ്റുമുള്ളവർ**
**എങ്ങനെ ജീവിച്ചാലും ശരി,**
**നിങ്ങൾ ദൈവത്തോട് വിശ്വസ്തരാകുക.**

---

### നോഹയുടെ പാപം

പുതിയ ഭൂമിയിലേക്കിറങ്ങിയ നോഹയും കുടുംബവും ആദ്യയാഗം കഴിക്കുന്നതോടുകൂടി വാനോളം ഉയർന്ന നോഹയെയും കുടുംബത്തെയും നോക്കിക്കൊണ്ട് നാം അവനെ വിട്ടുപോയെങ്കിൽ എന്നു ഞാൻ ആശിക്കുന്നു. ഖേദമെന്ന് പറയട്ടെ, ബൈബിൾ അവിടെ അവസാനിപ്പിക്കുന്നില്ല, നോഹയുടെ സംഭവം മുഴുവൻ അറിയുവാൻ ആഗ്രഹിക്കുകയാണെങ്കിൽ നമുക്കും സാധ്യമല്ല. വലിയ നായകന്മാരെ അക്കാര്യത്തിൽ ബൈബിൾ മാറ്റി നിർത്തുന്നില്ല. “മനുഷ്യർ എഴുതിയ പകർപ്പുകളിൽ ഏറ്റവും മികച്ചത് തെറ്റുകുറ്റങ്ങൾ സ്പർശിച്ചിട്ടുള്ളതാണ്.”

തന്റെ സമൃദ്ധിയിലും, വിജയത്തിലും നോഹ പാപത്തിൽ വീണു! എപ്പോഴൊക്കെ അങ്ങനെ സംഭവിക്കുന്നു! സോദോമിലെ ദുഷ്ടത കണ്ടു വലഞ്ഞുപോയവനായിരുന്നു നീതിമാനായിരുന്ന ലോത്ത്, അവൻ മദ്യാസക്തിയും കാമാസക്തിയും പൂണ്ട പട്ടണത്തിൽകൂടെയാണ് കടന്നുപോയത്. *ദാവീദ്* രാജാവാ

യപ്പോൾ, യിസ്രായേലിന്റെ സർവ്വശക്തിയും അവനു ലഭിച്ചു, എങ്കിലും അവൻ കുലപാതകത്തിനും, വ്യഭിചാരത്തിനും ഇരയായി. *ഹിസെക്കിയാ* രാജാവ് അശൂര്യരിൽനിന്നും വിടുവിക്കപ്പെട്ടശേഷം, രോഗവിമുക്തനായപ്പോൾ നിഗളം അവനെ പിടികൂടി വീഴ്ത്തി. *ഉസിയാ രാജാവ്* ഉയർച്ചയിലും പ്രതാപത്തിലും "ശക്തനായപ്പോൾ" അവൻ ദൈവത്തിനെതിരായി ഉയരുകയും വീഴുകയും ചെയ്തു. മനുഷ്യസ്വഭാവം അത്തരത്തിലായത് എത്ര ഖേദകരമാണ്! ഇവിടെ ഇതാ നോഹ, ലോകത്തെ മുഴുവൻ കുറ്റംവിധിച്ചു എന്ന സാക്ഷ്യമുള്ളയാൾ, ലോകത്തിന്റെ ഉപദ്രവവും പരിഹാസവും സഹിച്ചയാൾ; എങ്കിലും ആ വലിയ സാക്ഷ്യമുള്ളവൻ, ദൈവകരത്താൽ വിടുവിച്ചവൻ, ഇപ്പോൾ കുടിച്ച് സുബോധമില്ലാതെ തന്റെ പുത്രന്മാർ കാൺകെ നഗ്നനായി കിടക്കുന്നു – എല്ലാം ചെയ്യുകയും – എല്ലാം കാണുകയും ചെയ്ത നോഹക്ക് ഇതുപോലെ താഴ്ന്ന ഒരു വീഴ്ച്ച സംഭവിക്കാമെങ്കിൽ, തന്റെ *സ്വന്ത സുരക്ഷിതത്വത്തിൽ ആർക്ക് പ്രശംസിക്കുവാൻ കഴിയും?* നീതിപ്രസംഗിയായിരുന്ന ഒരു മനുഷ്യന്റെ സ്വന്ത വിശ്വാസക്കപ്പൽ തകർന്നുപോയി. പൗലൊസിന്റെ വാക്കുകൾ നമ്മെ ഇപ്പോൾ ഓർപ്പിക്കുന്നു: "ആകയാൽ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ" (1 കൊരിന്ത്യർ 10:12).

---

കുറിപ്പ്

[1]ഈ പാഠത്തിലെ തലവാചകവും മറ്റു പലതും എടുത്തിരിക്കുന്നത് ക്ലാരെൻസ് മെക്കാർട്ട്നി, *സെർമൺസ് ഓൺ ഓൾഡ് ടെസ്റ്റമെന്റ് ഹീറോസിൽനിന്നാണ്* (ന്യൂയോർക്ക്: അബിങ്ഡൺ പ്രസ്, 1935), 9–20.

# ശലോമോൻ
# ജ്ഞാനിയും മൂഢനുമായ മനുഷ്യൻ

വേദഭാഗം: 1 രാജാക്കന്മാർ 3:3–11:13

1961–ൽ ഓക്ലഹോമയിലെ ടാല്ലെക്വായിൽ ഒരു മനശാസ്ത്രജ്ഞൻ "രക്ഷപ്പെടുന്ന തന്ത്രങ്ങളെ" കുറിച്ചു സംസാരിച്ചതായി കേട്ടു. നൈമിഷികമായ ആകാംക്ഷ ഒഴിവാക്കുവാൻ നാമെല്ലാം ഇത്തരം തന്ത്രങ്ങൾ ഒരു പരിധിവരെ ഉപയോഗിച്ചിട്ടുണ്ട്. പ്രാസംഗികൻ അത്തരം തന്ത്രങ്ങളെ, യുക്തിവാദാധിഷ്ഠിതമാക്കൽ, അമർത്തൽ, അടിച്ചമർത്തൽ, വിപരീതദിശയിൽ അമിതമായി പ്രതികരിക്കൽ, ത്യജിക്കൽ ഇങ്ങനെ പല വാക്കുകളാൽ സൂചിപ്പിക്കുന്നു. അതിൽ ഒന്ന് പ്രത്യേകമായി ശലോമോന്റെ ചിന്ത വ്യക്തമാക്കുന്നതാണെന്ന് തോന്നുന്നു. ആ രീതിയിലുള്ള രക്ഷപ്പെടലിനെ മനശാസ്ത്രവിദഗ്ധൻ പറയുന്നത്, "യുക്തിപരമായ ഭാഗിക്കൽ" എന്നാണ്. അയാൾ പറയുന്നത്, ചിലപ്പോൾ ആളുകൾ സംസാരിക്കുന്നത് അവരുടെ മനസിൽ രണ്ട് മുറികൾ ഉള്ളതുപോലെയാണ്, ഓരോന്നിനും അതിന്റേതായ മൂല്യങ്ങളുണ്ട്, ഒരുപക്ഷെ പരസ്പരവിരുദ്ധമായിരിക്കും. അയാൾ പറഞ്ഞു, ചിലർക്ക് അത് ആവശ്യമാണ്, കാരണം അവർ ഇരുമനസോടുകൂടിയാണ് ജീവിക്കുവാൻ ആഗ്രഹിക്കുന്നത്. ഉദാഹരണമായി, അയാൾ പറഞ്ഞു, ഒരാൾ ജനാധിപത്യത്തിലും തുല്യാവകാശത്തിലും വിശ്വസിക്കുന്നു, അതേസമയം ഒറ്റപ്പെട്ടിരിക്കുവാനും അയാൾക്ക് താൽപര്യമാണ്. വേറൊരാൾ പറയുന്നത്, മതവും വ്യാപാരവും യോജിപ്പിക്കരുതെന്നാണ് അയാളുടെ വിശ്വാസം, എന്നാൽ അയാൾ ഞായറാഴ്ച്ചയിൽ സത്യസന്ധനും ആത്മാർത്ഥതയുമുള്ള വ്യക്തിയാണ് (അയാളെ സംബന്ധിച്ചു മാത്രം), പക്ഷെ ഇടദിവസങ്ങളിലെ അയാളുടെ വ്യാപാരം മനസാക്ഷിക്കുത്തില്ലാത്തതായിരിക്കും. ഒരു പ്രധാനകാര്യം ഓർമ്മിക്കുവാൻ മനശാസ്ത്രജ്ഞൻ പറഞ്ഞു, അത്തരം വ്യക്തി തന്റെ മനോഭാവവും പ്രവൃത്തികളും അസ്ഥിരമാണെന്ന് തിരിച്ചറിയുന്നില്ല. തീർച്ചയായും ശലോമോന് അത്തരം പ്രശ്നം ഉണ്ടായിരുന്നു.

ബൈബിളിൽ ഏറ്റവും ജ്ഞാനവും ഏറ്റവും മൗഢ്യവുമുള്ള ഒരു മനുഷ്യനായി നമുക്ക് ശലോമോനെ കാണാം. ശലോമോന്റെ മനസിൽ വ്യത്യസ്തമായ, *വേറിട്ട* രണ്ടു ഭാഗങ്ങളുണ്ടായിരുന്നു എന്നു തോന്നുന്നു. ഒന്ന്, തന്റെ പ്രജകൾക്ക് നിർദ്ദേശം കൊടുക്കുന്ന ജ്ഞാനമുള്ള ഭാഗം; മറ്റൊന്ന്, വ്യക്തിപരമായ തീരുമാനങ്ങൾ എടുക്കുന്നതിൽ അവൻ അങ്ങെയറ്റം മൂഢനുമായിരുന്നു എന്നതാണ്.

അന്തരങ്ങൾ നിറഞ്ഞ ജീവിതമായിരുന്നു ശലോമോന്റേത്. അവന്റെ ആരംഭം *മഹത്വകരമായിരുന്നു*. അവന്റെ മാതാപിതാക്കളായ ദാവീദിന്റേയും ബേത്ത്ശേബയുടേയും ആദ്യ സന്തതി പാപം മൂലം മരിച്ചുപോയിരുന്നു, എന്നാൽ ഇവന്റെ ജനനം വളരെ നന്ദിയോടെ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ദാവീദ് അവന്ന് "ശലോമോൻ" അഥവാ "സമാധാനമുള്ളവൻ" എന്ന് അവന്റെ വാഴ്ച്ച സമാധാനപൂർണ്ണമാകുമെന്ന് വിചാരിച്ച് പേരിട്ടു. ദൈവം

അവന്ന് അതിലും ഉയർന്ന "യെദിദിയാ" എന്ന് പേരിട്ടു, അക്ഷരികമായി "ദൈവത്തിനു പ്രിയപ്പെട്ടവൻ" എന്നർത്ഥം. അക്ഷരാർത്ഥത്തിൽ അവൻ "ജനത്തിനുവേണ്ടി ജനിച്ചവൻ" ആയിരുന്നു, തന്റെ അപ്പൻ മരിച്ചപ്പോൾ, പതിനെട്ടുവയസിൽ താഴെ മാത്രം പ്രായമുണ്ടായിരുന്നപ്പോൾ അവൻ സിംഹാസനാരൂഢനായി. ഒരാൾക്ക് ഊഹിക്കുവാൻ കഴിയുന്നത്ര നല്ല വാഗ്ദാനമുള്ള ഒരു യുവാവായിരുന്നു അവൻ. എങ്ങനെയായാലും, നാൽപതു വർഷങ്ങൾക്കു ശേഷവും നാം നോക്കുമ്പോൾ - അവനു അറുപതു വയസിൽ താഴെ മാത്രം പ്രായം ഉണ്ടായിരുന്നപ്പോൾ - തന്റെ ശരീരത്തെ നശിപ്പിച്ച്, കുഴപ്പം നിമിത്തം സാമ്രാജ്യം തന്നെ വീഴുമാറായി. ശലോമോന്റെ ജീവിതത്തിൽനിന്ന് നമുക്ക് പാഠങ്ങൾ പഠിക്കുവാൻ കഴിയും.

## അധിക ജ്ഞാനിയായ മനുഷ്യൻ

1 രാജാക്കന്മാരുടെ പുസ്തകം ആദ്യത്തെ അദ്ധ്യായങ്ങൾ നാം വായിക്കുമ്പോൾ, ശലോമോൻ ജ്ഞാനിയായിരുന്നു എന്നതിനുള്ള ധാരാളം തെളിവുകൾ നമുക്ക് കാണാം:

*ഒന്നാമത്, ശലോമോന്റെ ആദ്യ തിരഞ്ഞെടുപ്പുകൾ ജ്ഞാനമുള്ളവയായിരുന്നു.* അപ്പോഴും സമാഗമനകൂടാരമുണ്ടായിരുന്ന ഗിബെയോൻ സന്ദർശിക്കണമെന്നതായിരുന്നു, രാജാവായി തീർന്നയുടനെ ശലോമോൻ തീരുമാനിച്ചത്. അവിടെ അവൻ മോശെയുടെ യാഗപീഠത്തിൽ ആയിരം ദഹനയാഗങ്ങൾ അർപ്പിച്ചു. അവൻ അവിടെയായിരുന്നപ്പോൾ ഒരു രാത്രിയിൽ ദൈവം അവന്നു ഒരു ദർശനത്തിൽ പ്രത്യക്ഷനായി. "നിനക്ക് വേണ്ടുന്ന വരം ചോദിച്ചു കൊൾക" എന്ന് ദൈവം അരുളിച്ചെയ്തു (1 രാജാക്കന്മാർ 3:5).

ശലോമോന്റെ സ്ഥാനത്ത് നിങ്ങൾ ആയിരുന്നുവെങ്കിൽ, *നിങ്ങൾ* എന്തു ചോദിക്കുമായിരുന്നു? ദീർഘായുസോ, ധനമോ, പദവിയോ? ശലോമോൻ തിരഞ്ഞെടുത്തതു *ജ്ഞാനമായിരുന്നു*:

> ശലോമോൻ പറഞ്ഞു, "... എന്റെ ദൈവമായ യഹോവേ, നീ അടിയനെ എന്റെ അപ്പനു പകരം രാജാവാക്കിയിരിക്കുന്നു. ഞാനോ ഒരു ബാലനത്രേ; കാര്യാദികൾ നടത്തുവാൻ എനിക്ക് അറിയില്ല. നീ തിരഞ്ഞെടുത്തതും, പെരുപ്പംനിമിത്തം എണ്ണവും കണക്കുമില്ലാത്തതുമായ വലിയോരു മഹാജാതിയായ നിന്റെ ജനത്തിന്റെ മദ്ധ്യേ അടിയൻ ഇരിക്കുന്നു. ആകയാൽ ഗുണവും ദോഷവും തിരിച്ചറിഞ്ഞു നിന്റെ ജനത്തിന്നു ന്യായപാലനം ചെയ്വാൻ വിവേകമുള്ളോരു ഹൃദയം എനിക്കു തരേണമേ. അതുകൂടാതെ നിന്റെ ഈ ജനത്തിന്നു ന്യായപാലനം ചെയ്വാൻ ആർക്കു കഴിയും?" (1 രാജാക്കന്മാർ 3:6-9).

യുവാക്കളേ, ശ്രദ്ധിക്കുക: നിങ്ങളുടെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളുമാണ് ഭാവിയിൽ നിങ്ങൾ ആരായി തീരും, എന്തായി തീരും എന്നു നിർണ്ണയിക്കുന്നത്. വാസ്തവത്തിൽ പ്രാധാന്യമുള്ളത് കൈവരിക്കുവാൻ ശ്രമിക്കുക - ക്രിസ്തീയ സ്വഭാവവും, സത്യസന്ധതയും, സൽകീർത്തിയും - ഭൗതികമായ എല്ലാറ്റിനേക്കാളും അതാണ് നല്ലത്. ശലോമോൻ ദൈവത്തോട് വിവേകാനുഗ്രഹം ചോദിച്ചതിനാൽ, മറ്റനേകം അനുഗ്രഹങ്ങൾ ദൈവം അവനു നൽകി:

> ശലോമോൻ ഈ കാര്യം ചോദിച്ചതു കർത്താവിന്നു പ്രസാദമായി. ദൈവം അവനോട് അരുളിച്ചെയ്തതു എന്തെന്നാൽ, "നീ ദീർഘായുസോ, സമ്പത്തോ, ശത്രുസംഹാരമോ ഒന്നും അപേക്ഷിക്കാതെ, ന്യായപാലനത്തിനുള്ള വിവേകം എന്ന ഈ കാര്യം മാത്രം അപേക്ഷിച്ചതുകൊണ്ട്, ഞാൻ നിന്റെ അപേക്ഷപ്രകാരം ചെയ്തിരിക്കുന്നു. ജ്ഞാനവും വിവേകവുമുള്ളോരു ഹൃദയം ഞാൻ നിനക്കു തന്നിരിക്കുന്നു. നിനക്ക് സമനായവൻ മുമ്പുണ്ടായിട്ടില്ല, നിനക്ക് സമനായവൻ നിനക്കു ശേഷം ഉണ്ടാകയുമില്ല. ഇതിനുപുറമേ നീ അപേക്ഷിക്കാത്തതായ സമ്പത്തും മഹത്വവും കൂടെ ഞാൻ നിനക്ക് തന്നിരിക്കുന്നു. നിന്റെ ആയുഷ്ക്കാലത്തൊക്കെയും രാജാക്കന്മാരിൽ ഒരുത്തനും നിനക്ക് സമനാകയില്ല. നിന്റെ അപ്പനായ ദാവീദ് നടന്നതുപോലെ നീ എന്റെ ചട്ടങ്ങളും കൽപനകളും പ്രമാണിച്ച് എന്റെ വഴികളിൽ നടന്നാൽ ഞാൻ നിനക്ക് ദീർഘായുസും തരും" (1 രാജാക്കന്മാർ 3:10-14).

അനേകം വർഷങ്ങൾക്ക് മുൻപ്, വിക്ടോറിയാ രാജകുമാരി ഇംഗ്ലണ്ടിലെ രാജ്ഞി ആയപ്പോൾ, ലോഡ് മെൽബൺ ബൈബിൾ തുറന്നു ശലോമോന്റെ തീരുമാനം വായിച്ചുകേൾപ്പിച്ചു. എല്ലാ ഭരണകർത്താക്കളും ശലോമോന്റേതുപോലെയുള്ള വീക്ഷണവും തീരുമാനവുമെടുത്താൽ എത്ര നന്നായിരിക്കും!

*രണ്ട്, ശലോമോൻ മറ്റുള്ളവരോട് ജ്ഞാനത്തോടെയാണ് ഇടപെട്ടിരുന്നത്.* അവന്റെ ജ്ഞാനത്തെ കുറിച്ച് ദൈവശ്വാസിയമല്ലാത്ത പാരമ്പര്യം പല ചിത്രീകരണങ്ങളും നൽകിയിട്ടുണ്ട്. അവയിൽ ഒന്നാണ് ശേബാ രാജ്ഞി ശലോമോനെ സന്ദർശിക്കുവാൻ പോയത്, അവൾ രണ്ട് ബൊക്കെയുമായാണ് പോയത്. അതിൽ ഒന്നു ശരിക്കുള്ള പുഷ്പങ്ങളുള്ളതും, മറ്റൊന്നു കൃത്രിമമായി ഉണ്ടാക്കിയതുമാണ്, പക്ഷെ ഏതാണ് ശരിക്കുമുള്ള പുഷ്പങ്ങൾ എന്നു കണ്ടുപിടിക്കുക പ്രയാസമായിരുന്നു. ഒരു പരീക്ഷണമെന്ന രീതിയിൽ ശരിയായ പുഷ്പങ്ങൾ ഉള്ള ബൊക്കെ എടുത്തുകൊള്ളാൻ രാജ്ഞി രാജാവിന് ഒരു വെല്ലുവിളി നൽകി. ശലോമോൻ അൽപം ആലോചിച്ചു നോക്കിയപ്പോൾ കിളിവാതിലിനു പുറത്ത് ശലഭങ്ങൾ പറക്കുന്നതു കണ്ടു. "ഉടനെ കിളിവാതിൽ തുറന്നിടുവാൻ" കൽപിക്കുകയും ശലഭങ്ങൾ പറന്നു ശരിക്കുള്ള പുഷ്പങ്ങളിൽ വന്നിരിക്കുകയും ചെയ്തു. ആ കഥയനുസരിച്ച്, ശേബാ രാജ്ഞി ശലോമോന്റെ ജ്ഞാനത്തിൽ സംപ്രീതയായി എന്നു പറയുന്നു (1 രാജാക്കന്മാർ 10:7).

സ്വപ്നത്തിനുശേഷം നടന്ന ഒരു സംഭവം ചിത്രീകരിച്ച്, ശലോമോന്റെ ജ്ഞാനം തിരുവെഴുത്ത് വ്യക്തമാക്കുന്നു:

> അനന്തരം വേശ്യമാരായ രണ്ടു സ്ത്രീകൾ രാജാവിന്റെ അടുക്കൽ വന്നു അവന്റെ മുമ്പാകെ നിന്നു. അവരിൽ ഒരുത്തി പറഞ്ഞത്, "തമ്പുരാനേ, അടിയനും ഇവളും ഒരു വീട്ടിൽ പാർക്കുന്നു; ഞങ്ങൾ പാർക്കുന്ന വീട്ടിൽ വെച്ചു ഞാൻ ഒരു കുഞ്ഞിനെ പ്രസവിച്ചു. ഞാൻ പ്രസവിച്ചതിന്റെ മൂന്നാം ദിവസം ഇവളും പ്രസവിച്ചു. ഞങ്ങൾ ഒന്നിച്ചായിരുന്നു. ഞങ്ങൾ രണ്ടുപേരും ഒഴികെ ആ വീട്ടിൽ മറ്റാരും ഞങ്ങളോടുകൂടെ ഉണ്ടായിരുന്നില്ല. എന്നാൽ രാത്രി അവൾ തന്റെ മകന്റെമേൽ കിടന്നുപോയതുകൊണ്ട് അവൻ മരിച്ചുപോയി. അവൾ അർദ്ധരാത്രി എഴുന്നേറ്റു, അടിയൻ ഉറങ്ങുന്ന സമയം അടിയന്റെ അരികെനിന്നു, അടിയന്റെ

മകനെ എടുത്തു അവളുടെ പള്ളെക്കലും, അവളുടെ മരിച്ച മകനെ അടിയന്റെ പള്ളെക്കലും കിടത്തി. രാവിലെ കുഞ്ഞിനു മുലകൊടുപ്പാൻ അടിയൻ എഴുന്നേറ്റപ്പോൾ അതു മരിച്ചിരിക്കുന്നതു കണ്ടു. വെളിച്ചമായപ്പോൾ അടിയൻ സൂക്ഷിച്ചുനോക്കിയപ്പോൾ അതു അടിയൻ പ്രസവിച്ച കുഞ്ഞല്ല." "അതിന്നു മറ്റെ സ്ത്രീ അങ്ങനെയല്ല, ജീവനുള്ളതു എന്റെ കുഞ്ഞ്, മരിച്ചതു നിന്റെ കുഞ്ഞ് എന്നു പറഞ്ഞു." "ഇവളോ മരിച്ചതു നിന്റെ കുഞ്ഞ്, ജീവനുള്ളത് എന്റെ കുഞ്ഞ് എന്നു പറഞ്ഞു." ഇങ്ങനെ അവർ രാജാവിന്റെ മുമ്പാകെ തമ്മിൽ വാദിച്ചു (1 രാജാക്കന്മാർ 3:16-22).

ഇന്നാണെങ്കിൽ, മതിയായ തെളിവില്ലെന്നു പറഞ്ഞു ന്യായാധിപൻ കേസ് തള്ളിക്കളയുമായിരുന്നു, ശലോമോന്റെ ഉൾക്കാഴ്ച്ചയാലുള്ള പ്രതികരണം വിസ്മയാവഹമായിരുന്നു:

"ഒരു വാൾ കൊണ്ടുവരുവിൻ" എന്നു രാജാവ് കൽപിച്ചു. അവർ ഒരു വാൾ രാജസന്നിധിയിൽ കൊണ്ടുവന്നു. അപ്പോൾ രാജാവ്, "ജീവനുള്ള കുഞ്ഞിനെ രണ്ടായി പിളർന്നു പാതി ഒരുത്തിക്കും പാതി മറ്റേവൾക്കും കൊടുപ്പിൻ" എന്നു കൽപിച്ചു. ഉടനെ ജീവനുള്ള കുഞ്ഞിന്റെ അമ്മ തന്റെ കുഞ്ഞിനെ കുറിച്ച് ഉള്ള് കത്തുകകൊണ്ട്, രാജാവിനോട്, "അയ്യോ തമ്പുരാനെ, ജീവനുള്ള കുഞ്ഞിനെ കൊല്ലരുതേ; അതിനെ അവൾക്കു കൊടുത്തുകൊൾവിൻ" എന്നു പറഞ്ഞു. "മറ്റേവളോ, എനിക്കും വേണ്ട, നിനക്കും വേണ്ട, അതിനെ പിളർക്കട്ടെ" എന്നു പറഞ്ഞു. അപ്പോൾ രാജാവ് "ജീവനുള്ള കുഞ്ഞിനെ കൊല്ലരുത്. അവൾക്ക് കൊടുപ്പിൻ, അവൾ തന്നെ അതിന്റെ തള്ള" എന്നു കൽപിച്ചു (1 രാജാക്കന്മാർ 3:24-27).

ആ തീരുമാനത്തിനുശേഷം നാം വായിക്കുന്നത്, "രാജാവ് കൽപിച്ച വിധി യിസ്രായേലൊക്കെയും കേട്ടു. ന്യായപാലനം ചെയ്വാൻ ദൈവത്തിന്റെ ജ്ഞാനം രാജാവിന്റെ ഉള്ളിൽ ഉണ്ട് എന്നു കണ്ട് അവനെ ഭയപ്പെട്ടു" (1 രാജാക്കന്മാർ 3:28).

മൂന്ന്, ശലോമോൻ മറ്റുള്ളവരെ വിദ്യ അഭ്യസിപ്പിക്കുന്നതിൽ ജ്ഞാനിയായിരുന്നു. "ജ്ഞാന സാഹിത്യത്തിന്റെ" പിതാവായിരുന്നു അവൻ. നമ്മോടു പറഞ്ഞിരിക്കുന്നു,

ദൈവം ശലോമോന്നു ഏറ്റവും വളരെ ജ്ഞാനവും ബുദ്ധിയും കടൽക്കരയിലെ മണൽപോലെ ഹൃദയവിശാലതയും കൊടുത്തു. സകല പൂർവ്വദിഗ്വാസികളുടേയും ജ്ഞാനത്തേക്കാളും മിസ്രയിമ്യരുടെ സകല ജ്ഞാനത്തെക്കാളും ശലോമോന്റെ ജ്ഞാനം ശ്രേഷ്ഠമായിരുന്നു, ... അവന്റെ കീർത്തി ചുറ്റുമുള്ള സകലജാതികളിലും പരന്നു (1 രാജാക്കന്മാർ 4:29-31).

"അവൻ 3,000 സദൃശവാക്യം പറഞ്ഞു എന്നും അവന്റെ ഗീതങ്ങൾ 1,005 ആയിരുന്നു" എന്നും തിരുവെഴുത്തു പറയുന്നു (1 രാജാക്കന്മാർ 4:32). മൂവായിരം സദൃശവാക്യങ്ങളിൽ, മൂന്നിലൊന്നു മാത്രമെ സൂക്ഷിച്ചിട്ടുള്ളു, എന്നാൽ നമ്മിൽ മിക്കപേരും പൊതുവിൽ ഉപയോഗിച്ചിട്ടുള്ള ചില ഉദ്ധരണികൾ താഴെ

കൊടുക്കുന്നു:

> ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; [അവൻ] വൃദ്ധനായാലും അതു വിട്ടുമാറുകയില്ല (സദൃശവാക്യങ്ങൾ 22:6).
>
> ബാലന്നു ശിക്ഷ കൊടുക്കാതിരിക്കരുത്, വടികൊണ്ട് അടിച്ചാൽ അവൻ ചത്തുപോകയില്ല (നിര്ദ്ദേശിച്ചത് സദൃശവാക്യങ്ങൾ 23:13).
>
> അനവധി സമ്പത്തിലും സൽക്കീർത്തിയിലും വെള്ളിയിലും പൊന്നിലും കൃപയും നല്ലത് (സദൃശവാക്യങ്ങൾ 22:1).
>
> മുൻകോപി ഭോഷത്വം പ്രവർത്തിക്കുന്നു, ദുരുപായി ദ്വേഷിക്കപ്പെടും (സദൃശവാക്യങ്ങൾ 14:17).
>
> മടിയാ ഉറുമ്പിന്റെ അടുക്കൽ ചെല്ലുക, അതിന്റെ വഴികളെ നോക്കി ബുദ്ധി പഠിക്ക (സദൃശവാക്യങ്ങൾ 6:6).
>
> വളരെ സ്നേഹിതന്മാരുള്ള മനുഷ്യന് നാശം വരും; എന്നാൽ സഹോദരന്മാരേക്കാളും പറ്റുള്ള സ്നേഹിതന്മാരുമുണ്ട് (സദൃശവാക്യങ്ങൾ 18:24).

ശലോമോന്റെ 1,005 ഗീതങ്ങൾ അത്ര പ്രസിദ്ധമല്ല, എന്നാൽ സങ്കീർത്തനങ്ങൾ 127 ഒരു ഉദാഹരണമാണ്. 1 ഉം 2 ഉം വാക്യങ്ങൾ ശ്രദ്ധിക്കുക:

> ... യഹോവ വീട് പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു. യഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാർ വൃഥാ ജാഗരിക്കുന്നു. നിങ്ങൾ അതികാലത്ത് എഴുന്നേൽക്കുന്നതും നന്നാ താമസിച്ചു കിടപ്പാൻ പോകുന്നതും കഠിന പ്രയത്നം ചെയ്തു ഉപജീവിക്കുന്നതും വ്യർത്ഥമത്രേ. തന്റെ പ്രിയനോ അവൻ അത് ഉറക്കത്തിൽ കൊടുക്കുന്നു.

എല്ലാറ്റിലും വെച്ച്, പഴയനിയമത്തിൽ ശലോമോൻ മൂന്നു പുസ്തകങ്ങൾ എഴുതി: തന്റെ സങ്കീർത്തനങ്ങൾക്കു പുറമെ, സദൃശവാക്യങ്ങളും, സഭാപ്രസംഗിയും, ഉത്തമഗീതവും അവൻ എഴുതിയതാണ്. കൂടാതെ വൃക്ഷലതാദികൾ, മൃഗം, പക്ഷി, ഇഴജാതി, മൽസ്യം എന്നിവയെ കുറിച്ചും അവൻ പ്രസ്താവിച്ചു (1 രാജാക്കന്മാർ 4:33, 34).

*നാല്, അവൻ ദൈവത്തെ മഹത്വപ്പെടുത്തുന്നതിൽ ജ്ഞാനിയായിരുന്നു.* ദൈവനാമം നിലനിർത്തുവാൻ വലിയ ദൈവാലയം പണിയുന്നതിൽ ശലോമോൻ പേരെടുത്തിരുന്നു. അത് അവന്റെ അപ്പനായ ദാവീദിന്റെ സ്വപ്നമായിരുന്നു; എന്നാൽ അവൻ നിരപരാധിയെ കൊന്നതുകൊണ്ട്, ആലയം പണിയുവാൻ ദൈവം അവനെ അനുവദിച്ചില്ല. അങ്ങനെ ആ ജോലി ശലോമോനെ ഏൽപിച്ചു. ആ ദൗത്യം ഭാരിച്ചതായിരുന്നു. അതിന്റെ നിർമ്മാണത്തിന് മുപ്പതിനായിരം യിസ്രായേല്യരേയും 150,000 കനാന്യരേയും ഉപയോഗിച്ചു. അതിന് ഉപയോഗിച്ച വിലയേറിയ ലോഹങ്ങളുടെ കണക്ക് പറഞ്ഞിട്ടില്ല. ഒരുപക്ഷെ ഏറ്റവും പ്രത്യേകതയുള്ള ഒരു കെട്ടിടനിർമ്മാണമായിരിക്കാം 1 രാജാക്കന്മാർ

6:7 ലേത്: "വെട്ടുകുഴിയിൽ വെച്ചുതന്നെ കുറവ് തീർത്ത കല്ലുകൊണ്ട്, ആലയം പണിതതിനാൽ, അതു പണിയുന്ന സമയത്ത് ചുറ്റിക, മഴു മുതലായ യാതോരു ഇരുമ്പായുധത്തതിന്റേയും ഒച്ച ആലയത്തിൽ കേൾപ്പാനില്ലായിരുന്നു."

അവസാനം, ഏഴുവർഷങ്ങൾക്ക് ശേഷം ദേവാലയം തയ്യാറായി. സമർപ്പണം 1 രാജാക്കന്മാർ 9 ലും 1 ദിനവൃത്താന്തം 5 ലും രേഖപ്പെടുത്തിയിട്ടുണ്ട്. ആ അവസരത്തിൽ ശലോമോൻ ജനത്തോട് ഒരു പ്രഭാഷണം നടത്തുകയും ദൈവാലയം *ദൈവതേജസുകൊണ്ടു നിറയുകയും ചെയ്തു*. അവിടെ നാം ശലോമോന്റെ പ്രവൃത്തിയുടെ മൂർദ്ധന്യാവസ്ഥ കാണുന്നു. എങ്ങനെയായാലും, ആ വിശിഷ്ടാവസരത്തിൽ വരുവാനുള്ള ഒന്നിന്റെ സൂചനയും കാണുവാൻ കഴിയുന്നു. ദൈവം വീണ്ടും ശലോമോനു പ്രത്യക്ഷനായി പറഞ്ഞു,

> നീ എന്റെ മുൻപാകെ കഴിച്ചിരിക്കുന്ന നിന്റെ പ്രാർത്ഥനയും യാചനയും ഞാൻ കേട്ടു. നീ പണിതിരിക്കുന്ന ഈ ആലയത്തെ എന്റെ നാമം അതിൽ എന്നേക്കും സ്ഥാപിപ്പാൻ തക്കവണ്ണം ഞാൻ വിശുദ്ധീകരിച്ചിരിക്കുന്നു. എന്റെ കണ്ണും ഹൃദയവും എല്ലായിപ്പോഴും അവിടെയിരിക്കും. ഞാൻ നിന്നോട് കൽപിച്ചതൊക്കെയും ചെയ്വാൻ തക്കവണ്ണം എന്റെ മുൻപാകെ ഹൃദയനിർമ്മലതയോടും പരമാർത്ഥതയോടുംകൂടെ നിന്റെ അപ്പനായ ദാവീദ് നടന്നതുപോലെ നടക്കുകയും എന്റെ ചട്ടങ്ങളും വിധികളും പ്രമാണിക്കയും ചെയ്താൽ യിസ്രായേലിന്റെ രാജസ്ഥാനത്ത് ഇരിപ്പാൻ ഒരു പുരുഷൻ നിനക്ക് ഇല്ലാതെ പോകയില്ല എന്നു ഞാൻ നിന്റെ അപ്പനായ ദാവീദിനോട് അരുളിച്ചെയ്തതുപോലെ, യിസ്രായേലിലുള്ള നിന്റെ രാജത്വത്തിന്റെ സിംഹാസനം ഞാൻ എന്നേക്കും സ്ഥിരമാക്കും. നിങ്ങളോ നിങ്ങളുടെ പുത്രന്മാരോ എന്നെ വിട്ടുമാറി നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്ന എന്റെ ചട്ടങ്ങളും കൽപനകളും പ്രമാണിക്കാതെ ചെന്നു അന്യദൈവങ്ങളെ സേവിച്ചു നമസ്കരിച്ചാൽ, ഞാൻ യിസ്രായേലിന്നു കൊടുത്തിരിക്കുന്ന ദേശത്തുനിന്നു അവരെ പറിച്ചുകളയും. എന്റെ നാമത്തിന്നുവേണ്ടി ഞാൻ വിശുദ്ധീകരിച്ചിരിക്കുന്ന ഈ ആലയവും എന്റെ മുമ്പിൽനിന്നു നീക്കിക്കളയും. യിസ്രായേൽ സകലജാതികളുടേയും ഇടയിൽ പഴഞ്ചൊല്ലും പരിഹാസവുമായിരിക്കും. ഈ ആലയം എത്ര ഉന്നതമായിരുന്നാലും, കടന്നുപോകുന്ന ഏവനും അതിനെ കണ്ടു സ്തംഭിച്ചു ചൂളകുത്തി, "യഹോവ ഈ ആലയത്തിനും ഈ ദേശത്തിനും ഇങ്ങനെ വരുത്തിയത് എന്ത്?" എന്നു ചോദിക്കും. "അവർ തങ്ങളുടെ പിതാക്കന്മാര മിസ്രയിം ദേശത്തുനിന്നു കൊണ്ടുവന്ന ദൈവത്തെ ഉപേക്ഷിക്കുകയും അന്യദൈവങ്ങളോട് ചേർന്നു അവയെ നമസ്കരിച്ചു സേവിക്കയും ചെയ്കകൊണ്ട്, യഹോവ ഈ അനർത്ഥം ഒക്കെയും അവർക്ക് വരുത്തിയിരിക്കുന്നു എന്നു ഉത്തരം പറയും" (1 രാജാക്കന്മാർ 9:3-9).

ഫലത്തിൽ ദൈവം ശലോമോനോടും ജനത്തോടും പറഞ്ഞു, "നിങ്ങൾ പിന്തിരിഞ്ഞുപോയാൽ, നിങ്ങളുടെ ഉയർച്ച അതിശയമായിരുന്നതുപോലെ നിങ്ങളുടെ വീഴ്ച്ചയും അതിശയകരമായിരിക്കും!"

ചുരുക്കി പറഞ്ഞാൽ, *ശലോമോൻ ദൈവത്തെ അനുസരിച്ച കാര്യങ്ങളിലെല്ലാം അവൻ ജ്ഞാനിയായിരുന്നു.* തൽഫലമായി അവന്റെ മഹത്വം വ്യാപിച്ചു. ശേബാ രാജ്ഞി അവന്റെ മഹത്വം കേട്ടറിഞ്ഞു വന്നു പറഞ്ഞു,

"... ഞാൻ കേട്ട വർത്തമാനം ഞാൻ വന്നു എന്റെ കണ്ണു കാണുന്നതുവരെ ആ വർത്തമാനം വിശ്വസിച്ചിരുന്നില്ല. എന്നാൽ പാതിപോലും ഞാൻ അറിഞ്ഞിരുന്നില്ല. ഞാൻ കേട്ട കീർത്തിയേക്കാൾ നിന്റെ ജ്ഞാനവും ധനവും അധികമാകുന്നു" (1 രാജാക്കന്മാർ 10:7).

അലെക്സാണ്ടർ വൈറ്റ് എഴുതി,

> ഏതെങ്കിലും ഒരു യുവാവ് ദൈവരാജ്യവും അവന്റെ നീതിയും ആദ്യം അന്വേഷിച്ചിട്ട് മറ്റെല്ലാം നേടിയിട്ടുണ്ടെങ്കിൽ, അത് ശലോമോനായിരിക്കും .... എല്ലാം ലഭിച്ചു തികഞ്ഞവനായി തീർന്നു എന്ന് ആരെയെങ്കിലും കുറിച്ചു പറയുവാൻ കഴിയുമെങ്കിൽ, അതു ശലോമോൻ തന്നെ .... ഏതൊരാൾക്കും മുന്നറിയിപ്പും ഉപദേശവുമെന്ന വിധത്തിൽ ലൈറ്റ്ഹൗസായി ആരെയെങ്കിലും കാണിക്കാമെങ്കിൽ, അത് ശലോമോനെ ആയിരുന്നു, ... "പാപം നിറഞ്ഞ ലോകത്തിൽ നിറഞ്ഞ കൃപയുമായി," ഏതെങ്കിലും ഒരു ശിശു ജനിച്ചതായി പറയാമെങ്കിൽ അതു ശലോമാൻ ആയിരുന്നു.

**ഏറ്റവും മൂഢനായ മനുഷ്യൻ**

ആ മഹത്വകരമായ ആരംഭത്തിനു ശേഷം, ശലോമോന്റെ ജീവിതത്തിൽ ശാന്തമായി കടന്നുപോയ വർഷങ്ങൾ ഒരുപക്ഷെ കാണാതെ പോയേക്കാം. വാസ്തവത്തിൽ, 1 ഉം 2 ഉം ദിനവൃത്താന്തങ്ങൾ അതാണ് ചെയ്യുന്നത്. പക്ഷെ ദൈവം ഇവിടെ ഒരു പാഠം നൽകുന്നുണ്ട്. ശലോമോന്റെ ജീവിതത്തിന്റെ ആരംഭഘട്ടത്തിൽ, മത്തായി 6:33 ലെ – "... മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടി ഇതൊക്കെയും നിങ്ങൾക്ക് ലഭിക്കും" എന്നതായിരുന്നുവെങ്കിൽ, – അവന്റെ ജീവിതാവസാനത്തെ നമുക്ക് ചിത്രീകരിക്കാവുന്ന വാക്യമാണ് 1 കൊരിന്ത്യർ 10:12: "... നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ." ശലോമോനുണ്ടായിരുന്ന വലിയ ജ്ഞാനത്തോടുകൂടി അവൻ ഏറ്റവും മൂഢനുമായിരുന്നു എന്നു നാം ശ്രദ്ധിക്കണം.

*ആദ്യമായി, ശലോമോൻ സ്വാർത്ഥതയിൽ മൂഢനായിരുന്നു.* അവൻ തന്നെ ദൈവത്തേക്കാൾ ഉയർത്തി നിർത്തി. തന്റെ രാജധാനി പണിയുവാൻ പതിമൂന്നു വർഷം എടുത്തു. നാം ചിലവഴിക്കുന്ന സമയം നമ്മുടെ മുൻഗണനകളെ സൂചിപ്പിക്കുകയാണെങ്കിൽ, മനോഹരമായ ദൈവാലയം പണിയുവാൻ അവൻ ഏഴുവർഷം എടുത്തപ്പോൾ, തനിക്കു ഒരു മഹത്വകരമായ രാജധാനി നിർമ്മിക്കുവാൻ അതിന്റെ ഇരട്ടിയിൽ താഴെ സമയമെടുത്തത് സ്വാർത്ഥതയല്ലെങ്കിൽ പിന്നെന്താണ്? ഈ നല്ല – സദൃശവാക്യം – ശലോമോനെ കുറിച്ച് ആയിരിക്ക*യില്ല*: "തന്നിൽ തന്നെ ഒതുങ്ങുന്ന മനുഷ്യൻ ഒരു നല്ല പൊതിക്കെട്ട് ആയിരിക്കും."

രണ്ടാമത്, *വിട്ടുവീഴ്ച്ചയിൽ അവൻ മൂഢനായിരുന്നു.* ദൈവാലയത്തിനടുത്തു തന്നെ ജാതികളുടെ യാഗപീഠങ്ങളും അവൻ പണിതു! ഈ "ജ്ഞാനിയായ" രാജാവ് തന്റെ അപ്പൻ അടിച്ചമർത്തിയതായ വിഗ്രഹാരാധനയെ അവൻ ദൈവം വസിച്ചിരുന്നതിനടുത്തുതന്നെ സ്ഥാപിച്ചു! "വിട്ടുവീഴ്ചയാണ് വിജയരഹസ്യം" എന്ന് എന്നോട് ആളുകൾ പറഞ്ഞിട്ടുണ്ട്. എങ്ങനെയായാലും, ഈ ജ്ഞാനി സ്വീകരിച്ച ചില വിട്ടുവീഴ്ച്ചകൾ മൗഢ്യമായിരുന്നു. വ്യവസായികളായ "ക്രിസ്ത്യാനികൾ" മദ്യം കഴിക്കുകയില്ലെങ്കിലും മദ്യം വിളമ്പുന്ന

പാർട്ടികളിൽ സംബന്ധിക്കുന്നതിനെ കുറിച്ചു ചിന്തിക്കുക. ചിലർ തങ്ങളുടെ ജോലിക്കാർക്കും ഉപഭോഗ്താക്കൾക്കും മദ്യം സമ്മാനമായി അയച്ചുകൊടുക്കും.

*മൂന്നാമത്, ശലോമോൻ വിവാഹകാര്യത്തിൽ മൂഢനായിരുന്നു.* അവന് 300 വെപ്പാട്ടികളും, 700 ഭാര്യമാരും ഉണ്ടായിരുന്നു. ആ ഭാര്യമാർ അവന്റെ ഹൃദയത്തെ ദൈവത്തിൽനിന്നും അകറ്റി:

> ശലോമോൻ രാജാവ് ഫറവോന്റെ മകളെ കൂടാതെ, ... അന്യജാതിക്കാരത്തികളായ അനേക സ്ത്രീകളെയും സ്നേഹിച്ചു. നിങ്ങൾക്ക് അവരോടുകൂടി കലർച്ച അരുത്, അവർ "നിങ്ങളുടെ ഹൃദയത്തെ തങ്ങളുടെ ദേവന്മാരിലേക്ക് വശീകരിച്ച് കളയും എന്ന് യഹോവ യിസ്രായേൽ മക്കളോട് അരുളിച്ചെയ്ത അന്യജാതികളിൽനിന്നുള്ളവർ" തന്നേ ... അവരോട് ശലോമോൻ സ്നേഹത്താൽ പറ്റിച്ചേർന്നിരുന്നു. അവന്നു എഴുന്നൂറു കുലീന പത്നികളും, മൂന്നൂറു വെപ്പാട്ടികളും ഉണ്ടായിരുന്നു. അവന്റെ ഭാര്യമാർ അവന്റെ ഹൃദയത്തെ വശീകരിച്ചുകളഞ്ഞു. എങ്ങനെയെന്നാൽ, ശലോമോൻ വയോധികനായപ്പോൾ, ഭാര്യമാർ അവന്റെ ഹൃദയത്തെ അന്യദേവന്മാരിലേക്ക് വശീകരിച്ചു. അവന്റെ ഹൃദയം അവന്റെ അപ്പനായ ദാവീദിന്റെ ഹൃദയം പോലെ ഏകാഗ്രമായിരുന്നില്ല. ശലോമോൻ സീദോന്യ ദേവിയായ അസ്ത്തോരത്തിനേയും, അമ്മോന്യരുടെ മ്ലേഛവിഗ്രഹമായ മിൽക്കോമിനേയും ചെന്നു സേവിച്ചു. തന്റെ അപ്പനായ ദാവീദിനെപോലെ യഹോവയെ പൂർണ്ണമായി അനുസരിക്കാതെ ശലോമോൻ യഹോവക്ക് അനിഷ്ടമായുള്ളതു ചെയ്തു. അന്നു ശലോമോൻ യെരുശലേമിന്നു എതിരെയുള്ള മലയിൽ മോവാബ്യരുടെ മ്ലേഛവിഗ്രഹമായ കെമോശിന്നും, അമ്മോന്യരുടെ മ്ലേഛവിഗ്രഹമായ മോലേക്കിനും ഓരോ പൂജാഗിരി പണിതു. തങ്ങളുടെ ദേവന്മാർക്ക് ധൂപം കാട്ടിയും ബലി കഴിച്ചും പോന്ന അന്യജാതിക്കാരത്തികളായ സകലഭാര്യമാർക്കും വേണ്ടി അവൻ അങ്ങനെ ചെയ്തു (1 രാജാക്കന്മാർ 11:1–8).

ദൈവാലയം പണിത ഒരാൾക്ക് എങ്ങനെ അത്തരം സാഹചര്യത്തിലേക്ക് തിരിയുവാൻ കഴിഞ്ഞു? രാഷ്ട്രീയമായി ഗുണമെന്നു തോന്നിയതെന്തും അവൻ ചെയ്തു. ഫറവോന്റെ മകൾക്കും മിസ്രയിമിനും, തനിക്കു ചുറ്റുമുള്ള സമ്പന്ന രാജ്യങ്ങളുമായി ഒത്തുപോകുവാൻ അവൻ എല്ലാ വിട്ടുവീഴ്ച്ചയും ചെയ്തു. "അവസാനം ലക്ഷ്യം സാധൂകരിക്കും" എന്നു കരുതിയവരിൽ അവൻ ആദ്യനോ അവസാനത്തവനോ ആയിരുന്നില്ല. "അവിശ്വാസികളോട് ഇണയില്ലാപ്പിണ കൂടരുത്" എന്ന് നമ്മെ മുന്നറിയിച്ചിട്ടുണ്ട്. അപ്പൊസ്തലനായ പൗലൊസ് ചോദിക്കുന്നു, "നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തോരു ചേർച്ച? വെളിച്ചത്തിന് ഇരുളോട് എന്തു കൂട്ടായ്മ?" (2 കൊരിന്ത്യർ 6:14). പല കാര്യങ്ങളിലും ("ഇണയില്ലാപ്പിണ കൂടുന്നത്") യോഗ്യമല്ല – സൗഹൃദത്തിൽ, വ്യാപാരബന്ധങ്ങളിൽ, പ്രത്യേകിച്ച് വിവാഹത്തിൽ. യൗവത്വത്തിലെത്തിയ സ്ത്രീയായാലും പുരുഷനായാലും, ഒരു ക്രിസ്ത്യാനി അ – ക്രൈസ്തവരിൽനിന്നു ബന്ധമെടുത്താൽ അതു കുഴപ്പത്തിലാണ് ചെന്നെത്തുക. ക്രിസ്തീയ ജീവിതത്തിൽ വിശ്വസ്തനായ ഒരാൾക്ക് ആ ലക്ഷ്യത്തിലെത്തുവാൻ തന്റെ പങ്കാളിയിൽനിന്നു പൂർണ്ണ പിന്തുണ ആവശ്യമാണ്. സ്വർഗത്തിലെത്തുവാൻ –

ഒരാളുടെ മക്കളെ ആ ദിശയിൽ വളർത്തുവാൻ നോക്കുമ്പോൾ - പങ്കാളി എതിരായി നിന്നാൽ അത് വിഷമകരമായി തീരും.

നാലാമത്, *സമ്പത്തും സുഖവും അന്വേഷിക്കുന്നതിൽ ശലോമോൻ മൂഢനായിരുന്നു.* അവൻ അക്ഷരാർത്ഥത്തിൽ, വീഞ്ഞിലും, സ്ത്രീയിലും, സംഗീതത്തിലുമാണ് സുഖം കണ്ടെത്തുവാൻ ശ്രമിച്ചത്; പക്ഷെ അവന് അതു കണ്ടെത്തുവാനായില്ല. ക്രമേണ, അവൻ മായയിലായി. ഒടുവിൽ ഭൗമിക സമ്പാദ്യവും സുഖവും വ്യർത്ഥമാണെന്ന് അവൻ തിരിച്ചറിഞ്ഞു. സഭാപ്രസംഗി 1:2-ൽ അവൻ പറഞ്ഞു, "എല്ലാം മായ."

ശലോമോന് "എല്ലാം ഉണ്ടായിരുന്നു" എന്നു തോന്നാമെങ്കിലും, എന്തെല്ലാം അപകടമാണ് ഇവിടെയുള്ളത്! യേശു പറഞ്ഞു, "ധനവാൻ സ്വർഗരാജ്യത്തിൽ കടക്കുന്നതിനേക്കാൾ, ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം" (മർക്കൊസ് 10:25). ധാരാളം വസ്തുക്കൾ ധാരാളം ആളുകളെ നശിപ്പിക്കുന്നുണ്ട്. ഊഹിക്കുവാൻ കഴിയാത്തത്ര നിരവധി സ്വത്തു സമ്പാദിച്ച ശലോമോൻ, തന്റെ മരണശേഷം എന്താണ് വിട്ടുപോയത്? *അവയെല്ലാം വിട്ടുപോയി.* സമ്പത്തിൽ വാസ്തവമായും യാതൊരു ഭദ്രതയുമില്ല. എന്നാൽ ശലോമോൻ അവയെല്ലാം ശേഖരിച്ചു അഞ്ചുവർഷം കഴിഞ്ഞപ്പോൾ, മിസ്രയിം രാജാവ് വന്നു എല്ലാം കവർന്നുകൊണ്ടുപോയി.

*അടിസ്ഥാനപരമായി, ശലോമോൻ ദൈവത്തെ അനുസരിക്കാതിരുന്നതിൽ അവൻ മൂഢനായിരുന്നു.* അവന്റെ അനുസരണക്കേട് അവനേയും, അവന്റെ രാജ്യത്തേയും നശിപ്പിച്ചു. ശലോമോന്, "അതിരുകവിഞ്ഞ സ്വയം-സന്തോഷിപ്പിച്ചും, ഖജനാവ് കാലിയാക്കി, പാപ്പരായി, അസന്തുഷ്ടരായ പ്രജകളെ വിട്ടിട്ടാണ് മരിച്ചത്" എന്ന് ആരോ പറഞ്ഞു. ദൈവം മുന്നറിയിച്ചിരുന്നത് കൃത്യമായി സംഭവിച്ചു. രാജത്വം അവന്റെ പുത്രനിൽനിന്നു ദൈവം എടുത്തു മാറ്റുവാൻ അനുവദിച്ചു (1 രാജാക്കന്മാർ 11:9-13). രാജ്യം വിഭജിക്കുകയും പ്രവാസത്തിലേക്ക് കൊണ്ടുപോകയും ചേയ്തു. "മുള്ളിനുനേരെ ഉതെക്കുന്നത് വിഷമമാകുന്നു" എന്ന് പൗലൊസ് തന്റെ പരിവർത്തനത്തിനു മുൻപ് പഠിച്ച ചതായ പാഠം യിസ്രായേൽ ജനം പഠിച്ചുകാണും (പ്രവൃത്തികൾ 26:14).

### ഉപസംഹാരം

ഏതു ശലോമോനാണ് മുൻപന്തിയിൽ നിന്നത്? ജ്ഞാനിയായ ശലോമോനോ അതോ മൂഢനായ ശലോമോനോ? അവന്റെ ഉള്ളിൽ ഒരു പോരാട്ടം അനുഭവപ്പെട്ടിരുന്നു. ഇറ്റലിക്കാരനായ ഒരു ചിത്രകാരൻ ഉയർത്തെഴുന്നേൽപു ദിവസത്തെ ശലോമോന്റെ ഒരു ചിത്രം വരച്ചിരിക്കുന്നു. ആ ചിത്രത്തിൽ, നിത്യജീവങ്കലേക്ക് പോകുന്ന ഒരു വരിയും ഇരുട്ടിലേക്കും നാശത്തിലേക്കും പോകുന്ന മറ്റൊരു വരിയും ആയി ആത്മാക്കൾ പോകുന്നു. ഏതു വരിയിൽ നിൽക്കണമെന്ന സംശയത്തോടെ ശലോമോൻ നോക്കി നിൽക്കുന്നു. താൻ ഏതു കൂട്ടത്തിലാണ് ഉൾപ്പെടുന്നതെന്ന് അവനു നിശ്ചയമില്ല. ആളുകളുടെ ഉള്ളിലെ സംശയത്തെയാണ് അതു പ്രകടിപ്പിക്കുന്നത്.

വ്യക്തിപരമായി, ശലോമോൻ മാനസാന്തരപ്പെട്ടു എന്നതിന്റെ തെളിവായിട്ടാണ് സഭാപ്രസംഗി വായിച്ചപ്പോൾ ഞാൻ മനസിലാക്കിയത്. അപ്പോഴും അവന്റെ അധികാരം ദുർവിനിയോഗം ചെയ്തതിന്റെ അപകടം എത്ര വലുതായിരുന്നു! അവൻ മാനസാന്തരപ്പെട്ടു അവന്റെ ആത്മാവ് രക്ഷപ്പെട്ടുവെങ്കിലും, എന്തെല്ലാം കുഴപ്പങ്ങളാണ് അവൻ വരുത്തിവെച്ചത്. യിസ്രായേൽ നാ

ശത്തിന്റെ വക്കിലെത്തി. "നിന്റെ യൗവനകാലത്ത് സൃഷ്ടാവിനെ ഓർത്തുകൊൾക, ..." എന്ന് ശലോമോൻ എഴുതിയതിൽ അതിശയിക്കുവാൻ കഴിയുകയില്ല (സഭാപ്രസംഗി 12:1).

നിങ്ങളുടെ ജീവിതം ഇപ്പോൾ തന്നെ ദൈവത്തിനു നൽകി ജ്ഞാനം തെളിയിക്കുക. "ശലോമോനെക്കാളും വലിയവനിലേക്ക്" തിരിയുക (ലൂക്കൊസ് 11:31). തുടർന്നു വിശ്വസ്തമായി അവനെ സേവിച്ച്, നിങ്ങൾ ശലോമോനെക്കാളും വലിയവൻ എന്നു തെളിയിക്കുക.

**പഠിക്കേണ്ട പാഠം:**
**ഓരോ തീരുമാനം എടുക്കുമ്പോഴും**
**നടത്തിപ്പിന് ദൈവത്തിലേക്ക് നോക്കുക.**

---

## ജീവിതത്തിന്റെ സമ്മർദ്ദങ്ങൾ

"സമ്മർദ്ദം ഉൽപാദിപ്പിക്കുന്നു! നാം ജീവിതത്തിൽ സമ്മർദ്ദങ്ങളും പ്രശ്നങ്ങളും നേരിടുമ്പോൾ, ക്ഷമ ഇല്ലാതാകുന്നവരായിട്ടല്ല, മറിച്ച്, ക്രിയാത്മകവും, നമ്മുടെ ജീവിതത്തോടുള്ള ദൈവപദ്ധതിയുമായി യോജിക്കുന്ന ക്രിയാത്മക സമീപനം വളർത്തുക."

ജോർജ് സ്വീറ്റിങ്